VOL NO: 05 I ISSUE 34
www.nerpatham.com
mail@nerpatham.com
2021 AUGUST 28 I ₹12

# നേർപഥം
വാരിക



# ഡിജിറ്റൽ ഡിവൈഡും സർക്കാർ ചലഞ്ചും

അപ്രതീക്ഷിത സാഹചര്യത്തിലാണ് നാട് ഓൺലൈൻ വിദ്യാഭ്യാസത്തിലേക്ക് മാറിയത്. പരിമിതമായ സാഹചര്യങ്ങൾക്കുള്ളിൽനിന്ന് കൊണ്ടാണ് നാം പുതിയ സൗകര്യങ്ങൾ കണ്ടെത്തിയത്. അതിന് തുടർച്ചയുണ്ടായേ തീരൂ. എന്തിനും ഏതിനും പൊതുജനങ്ങളെ ആശ്രയിക്കുന്ന നിലപാട് ഭാവിയിൽ ഗുണത്തെക്കാളേറെ ദോഷമേ വരുത്തിവെക്കൂ.

- ദൈവവും നാസ്തികരും

- കൊള്ളപ്പലിശക്കാരെ കയറൂരി വിടരുത്
- രോഗ പ്രതിരോധം: ഇസ്‌ലാമിക മാർഗനിർദേശങ്ങൾ
- മരണാനന്തരലോകവും മഹത്തുക്കളോടുള്ള സഹായതേട്ടവും

wisdomyouth



നാം എല്ലാ നേരവും വയറ് നിറച്ച്
വിഭവസമൃദ്ധമായ ഭക്ഷണം
കഴിക്കുമ്പോൾ ആഹാരത്തിനായി
കൊതിയോടെ കഴിയുന്ന മനുഷ്യർക്കായി ഒരു ശ്രമം

WISDOM YOUTH

# treat

## Hunger free homes

WISDOM ISLAMIC ORGANIZATION -TREAT
AC.NO. 921010033265035
AXIS BANK LTD CALICUT BRANCH
IFSC-UTIB0000136

LIVE STREAMING
wisdomglobaltv
wisdomyouth

**WISDOM ISLAMIC YOUTH ORGANIZATION,
C.V.COMPLEX, P.V.SWAMI ROAD, CALICUT**

0240
നേർപഥം
വാരിക

2021 ആഗസ്ത് 28
1442 മുഹർറം 19
പുസ്തകം 05 / ലക്കം 34





**05**
**മുഖമൊഴി**
കൊള്ളപ്പലിശക്കാരെ കയറൂരി വിടരുത്
എഡിറ്റർ

**06**
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

**09**
**ലേഖനം**
ദൈവവും നാസ്തികരും
അർശദ് കുറിശ്ശാംകുളം

**18**
**ലേഖനം**
രോഗ പ്രതിരോധം: ഇസ്‌ലാമിക മാർഗനിർദേശങ്ങൾ
ഡോ. ടി. കെ യൂസുഫ്

**23**
**വിമർശനം**
മരണാനന്തരലോകവും മഹത്തുക്കളോടുള്ള സഹായതേട്ടവും
മൂസ സ്വലാഹി, കാര

**28**
**ചരിത്രപഥം**
ഇസ്‌ലാമിലെ യുദ്ധങ്ങൾ
ഹുസൈൻ സലഫി, ഷാർജ

**34**
**ബാലപഥം**
പാലം പണിയുന്നവർ
തൻസീഹ നസ്റിൻ കെ.വി


Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



വിസ്ഡം 'ട്രീറ്റ് 'പദ്ധതി ഉൽഘാടനം ചെയ്തു

# 'വിശപ്പ് രഹിത വീട്' ഗ്രാമസഭാ പദ്ധതിയാസൂത്രണങ്ങളിൽ ഉൾപ്പെടുത്തണം: വിസ്ഡം യൂത്ത്

കോഴിക്കോട്: സർക്കാർ ഭക്ഷണക്കിറ്റുകൾ ലഭിക്കാനാവശ്യമായ റേഷൻ കാർഡ് അടക്കമുള്ള ഔദ്യോഗിക രേഖകൾ സാങ്കേതിക കാരണങ്ങളാൽ ലഭ്യമാകാതിരുന്നവരും മഹാമാരിയും കാലവിപത്തുകളും കാരണമായി ഉപജീവന മാർഗങ്ങളിലെ വരുമാനം തുച്ഛമായി ലഭിക്കുന്നവരും പാടേ നിന്ന്പോയവരും ഉണ്ടായിരിക്കെ 'വിശപ്പ് രഹിത വീട്' എന്നത് ഗ്രാമസഭകളിലെ പദ്ധതിയാസൂത്രണങ്ങളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ അധികാരികൾ ശ്രമിക്കണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച 'ട്രീറ്റ് വിശപ്പ് രഹിത വീട്' പദ്ധതി ഉൽഘാടന സംഗമം ആവശ്യപ്പെട്ടു.

ലോക പട്ടിണി സൂചികയിൽ താഴേക്ക് പോകുന്ന രാജ്യത്തിൽ വിശപ്പ് രഹിത സംസ്ഥാനമായി മാറ്റാനുള്ള 'വിശപ്പ് രഹിത കേരളം' സുഭിക്ഷ പദ്ധതി കാര്യക്ഷമമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കണം.

ആശ്രയവും വരുമാനവുമില്ലാത്തവർക്ക് ഒരു നേരത്തെ ഭക്ഷണമെങ്കിലും നൽകാൻ സർക്കാർ ആസൂത്രണം ചെയ്ത പദ്ധതി നടക്കാതെ പോയതിലെ വീഴ്ച തിരിച്ചറിയുകയും പരിഹാരമാർഗങ്ങൾ കാര്യക്ഷമമാക്കുകയും വേണം. അതിനായി ബജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും എത്രയും പെട്ടെന്ന് നടപ്പിലാക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുകയും വേണം.

പരിമിതമായ തുകയിൽ ഉച്ചയൂണ് നൽകാനുള്ള സർക്കാർ നടപടി ശ്ലാഘനീയമാണെങ്കിലും വ്യവസ്ഥാപിതമായ നടത്താനുള്ള മോണിറ്ററിംഗ് സംവിധാനം പുനഃപരിശോധിക്കണം.

യാത്രക്കാരെ പരിഗണിച്ച് കൊണ്ടുള്ള ഭക്ഷണ പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകണമെന്നും വിസ്ഡം യൂത്ത് ട്രീറ്റ് ഉൽഘാടന സംഗമം അഭിപ്രായപ്പെട്ടു.

'വിശപ്പ് രഹിത വീട്' എന്ന ലക്ഷ്യത്തിനായി വിസ്ഡം യൂത്ത് സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന വിസ്ഡം ട്രീറ്റ് പദ്ധതിയുടെ ഉൽഘാടനം കേരള തുറമുഖ വകുപ്പ് മന്ത്രി അഹ്മദ് ദേവർ കോവിൽ നിർവഹിച്ചു. ദരിദ്രരായ കുടുംബത്തിന്റെ അഭിമാനത്തിന് ക്ഷതം വരാതെ കടകളിൽ നിന്ന് ഇഷ്ടമുള്ള വിഭവങ്ങൾ സ്വതന്ത്രമായി തെരഞ്ഞെടുക്കാനും വാങ്ങാനും സൗകര്യപ്പെടുത്തുന്നതാണീ പദ്ധതി. ആവശ്യമായ തുക ഉദാരമതികളിൽ നിന്ന് സ്വീകരിച്ച് കടകളിൽ നൽകിയാണിത് നടപ്പിലാക്കുന്നത്. ജാതി മത വ്യത്യാസമന്യേ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യവസ്ഥാപിതമായാണ് ഇത് നടപ്പിലാക്കുന്നത്. അതിനായി യൂണിറ്റ് തല ഭാരവാഹികളെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷനായിരുന്നു.

മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, യൂത്ത് കോൺഗ്രസ് ഉപാധ്യക്ഷൻ എസ് ശബരീനാഥ്, പി.എൻ അബ്ദുല്ലത്തീഫ് മദനി, സി കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ടി.കെ അശ്റഫ്, ഫൈസൽ മൗലവി പുതുപറമ്പ്, മുജാഹിദ് ബാലുശ്ശേരി, ശമീൽ മഞ്ചേരി പ്രസംഗിച്ചു. ഹുസൈൻ സലഫി ഷാർജ മുഖ്യ പ്രഭാഷണം നിർവഹിച്ചു.

വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി കെ താജുദ്ദീൻ സ്വലാഹി, ട്രഷറർ ഡോ. പി. എൻ ശബീൽ, വൈസ് പ്രസിഡന്റുമാരായ മുജീബ് ഒട്ടുമ്മൽ സംസാരിച്ചു. ഒ മുഹമ്മദ് അൻവർ പദ്ധതി വിശദീകരണം നടത്തി.

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# കൊള്ളപ്പലിശക്കാരെ കയറൂരി വിടരുത്

**കൊ**ള്ളപ്പലിശക്കാരുടെ തീവെട്ടിക്കൊള്ളയ്ക്ക് ഇരയായി മാനസികമായി തകർന്ന ഗർഭിണിയായ ഒരു വീട്ടമ്മ കേരള പൊലീസിന്റെ കൈപിടിച്ചു ജീവിതത്തിലേക്കു തിരിച്ചുവരുന്നു എന്നൊരു വാർത്ത 2021 ഓഗസ്റ്റ് 3ലെ പത്രങ്ങളിലുണ്ടായിരുന്നു. പാലക്കാട്ടാണ് സംഭവം. പലിശക്കാരുടെ കൊള്ള സഹിക്കവയ്യാതെയാണു വീട്ടമ്മ ജില്ലാ പൊലീസ് മേധാവി ആർ വിശ്വനാഥിനെ സമീപിച്ചത്. വിശദമായി പരാതി കേട്ട് അദ്ദേഹം ടൗൺ സൗത്ത് പൊലിസ് സ്റ്റേഷനിൽ വിളിച്ചു വീട്ടമ്മയ്ക്കാവശ്യമായ സഹായം ഉറപ്പാക്കാനും കൊള്ളപ്പലിശക്കാർക്കെതിരെ കേസെടുക്കാനും നിർദേശിച്ചു. സംഭവത്തിൽ ഒരു സ്ത്രീയടക്കം 2 പേർക്കെതിരെ പൊലീസ് കേസെടുക്കുകയും ഒരാളെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്.

പിതാവിന്റെ കടം തീർക്കാൻ സഹായിക്കാനാണത്രെ യുവതി 2 പലിശക്കാരിൽ നിന്ന് 2 ലക്ഷം രൂപ കടമെടുത്തത്. മാസം 60,000 രൂപയായിരുന്നു പലിശ! 2 ലക്ഷം രൂപ കടം വാങ്ങിയതിന് 20 ലക്ഷം രൂപ തിരിച്ചടച്ചിട്ടും മുതലടക്കം 15 ലക്ഷം കൂടി വേണമെന്ന് പറഞ്ഞ് പലിശക്കാർ ശല്യപ്പെടുത്തിക്കൊണ്ടിരിന്നു! പലരുടെയും സ്വർണം പണയംവെച്ചും മറ്റുമാണ് ഭീമമായ തുക യുവതി തിരിച്ചുനൽകിയത്. കൂടാതെ മൈക്രോ ഫിനാൻസിൽനിന്നും പണം കടമെടുത്തു. ഇതിന്റെ തിരിച്ചടവും തെറ്റി. കോവിഡ് ദുരന്തത്തിലും കുടുങ്ങി. പലിശക്കാരുടെ വിളികൾ കൂടി. അതോടെ വീട്ടമ്മ കടുത്ത മാനസിക സമ്മർദത്തിലായി. തുടർന്നാണു ജില്ലാ പൊലീസ് മേധാവിയെ സമീപിച്ചത്.

വർഷങ്ങൾക്കു മുമ്പ് ബ്ലേഡ് മാഫിയയുടെ ശല്യം കാരണം ഒരു കുടുംബമൊന്നടങ്കം ആത്മഹത്യചെയ്തപ്പോൾ നമ്മുടെ ഭരണകൂടം ഒന്ന് കണ്ണുതുറന്നതാണ്. വട്ടിപ്പലിശക്കാരെ കണ്ടെത്താനും പിടികൂടാനും അന്ന് നിയമപാലകർ രംഗത്തിറങ്ങി. 'ഓപ്പറേഷൻ കുബേര' എന്ന് അതിന് പേരുമിട്ടു. ഇത് നമ്മുടെ ഭരണാധികാരികളുടെ ഒരു പ്രത്യേകതയാണ്. വല്ല അനിഷ്ട സംഭവവുമുണ്ടാകുമ്പോൾ കാടിളക്കി രംഗത്തുവരും. കുറെ പരിഷ്കാരങ്ങളുടെ പട്ടിക നിരത്തും. അന്വേഷണങ്ങളും റെയ്ഡുകളും അറസ്റ്റുമൊക്കെ മുറക്ക് നടത്തും. പിന്നെ പതുക്കെ പതുക്കെ ഉൾവലിയും. ജനങ്ങൾ പഴയ അവസ്ഥയിലേക്ക് മടങ്ങുകയും ചെയ്യും. 'ഓപ്പറേഷൻ കുബേര'യിലൂടെ ചില പരൽമീനുകൾ മാത്രമെ പിടിയിലാകൂ. വമ്പൻ സ്രാവുകളാകുന്ന 'കുബേരന്മാർ' പാവപ്പെട്ടവരുടെ വിയർപ്പിന്റെയും ചോരയുടെയും നദിയിൽ നീന്തിത്തുടിച്ചുകൊണ്ടേയിരിക്കും. കാരണം അവർ ഉന്നതസോപാനങ്ങളിലിരിക്കുന്നവരോ ഉന്നതങ്ങളിലുള്ളവരുമായി ഉറ്റബന്ധമുള്ളവരോ ആയിരിക്കും.

റെയ്ഡുകൾ പലപ്പോഴും പ്രഹസനമായി മാറുകയാണ് പതിവ്. പതിനായിരം രൂപ കടം കൊടുക്കുമ്പോൾ പോലും പണയമായി പുരയിടത്തിന്റെ ആധാരം വാങ്ങിവെക്കുന്നവരാണ് പലിശക്കാരിലധികവും. മാസപ്പടി കൃത്യമായി ഏമാൻമാർക്ക് എത്തിക്കുകയും മറ്റു 'അത്യാവശ്യ' സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്ന പലിശക്കാർക്ക് റെയ്ഡിന്റെ വിവരം മുൻകൂട്ടി അറിയാൻ പ്രയാസമൊന്നുമില്ല. അങ്ങനെ പലപ്പോഴും റെയ്ഡ് ചായകുടിച്ച് പിരിയുന്ന സൗഹൃദ സന്ദർശനമായി മാറും. പണയമായി വാങ്ങുന്ന ആധാരങ്ങളും മറ്റു രേഖകളും സ്വന്തം വീട്ടിൽ സൂക്ഷിക്കാൻ മാത്രം ബുദ്ധിയില്ലാത്തവരല്ല പലിശക്കാർ. അവ ഭദ്രമായി മറ്റൊരാളുടെ വീട്ടിലുണ്ടായിരിക്കും. അക്കാര്യം പലിശക്കാരനും അയാൾക്കും മാത്രമെ അറിയൂ എന്നു മാത്രം.

അമിതമായി പലിശ വാങ്ങുന്നവരെ മാത്രമെ സർക്കാർ കുറ്റക്കാരായി കാണുന്നുള്ളൂ. അല്ലെങ്കിലും പലിശയിലധിഷ്ഠിതമായ സാമ്പത്തികക്രമം പിന്തുടരുന്ന ലോകത്ത് പലിശ വാങ്ങുന്നവരെ കുറ്റവാളികളായി മുദ്രകുത്താൻ എങ്ങനെ ഭരണാധികാരികൾക്ക് കഴിയും? പലിശാധിഷ്ഠിതമല്ലാത്ത ഇസ്‌ലാമിക ബാങ്കിംഗ് സമ്പ്രദായം സ്വീകരിക്കാൻ തയ്യാറായാൽ മാത്രമെ ഈ വിപത്തിൽനിന്ന് രക്ഷനേടാൻ ലോകത്തിന് കഴിയൂ. "പറയുക: നല്ലതും ദുഷിച്ചതും സമമാവുകയില്ല- ദുഷിച്ചതിന്റെ ആധിക്യം നിന്നെ അത്ഭുതപ്പെടുത്തിയാലും ശരി" (ക്വുർആൻ 5:100).

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

19

ഇബ്നു അബ്ബാസിؓന്റെ ഫത്‌വകളും ക്വുർആൻ വിവരണവും തെളിവുനിർദ്ധാരണവുമെല്ലാം അബൂഹുറയ്‌റؓയുടെ ഫത്‌വകളും ക്വുർആൻ വിവരണവുമായി തട്ടിച്ചുനോക്കുമ്പോൾ എന്തൊരു അന്തരമാണ്! അബൂഹുറയ്‌റؓ അദ്ദേഹത്തെക്കാൾ മനഃപാഠമുള്ള വ്യക്തിയാണ്. അല്ല, സമുദായത്തിലെ തന്നെ ഏറ്റവും മനഃപാഠമുള്ള വ്യക്തി എന്നു വേണമെങ്കിൽ പറയാം. ഹദീഥുകൾ കേട്ടതുപോലെ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്ന, രാപകലുകൾ ഭേദമന്യെ അത് പഠിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ് അബൂഹുറയ്‌റؓ. അദ്ദേഹത്തിന്റെ മുഖ്യശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് മനഃപാഠമാക്കലിലും താൻ കേട്ടുപഠിച്ചത് മാറ്റങ്ങളില്ലാതെ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊ

ടുക്കുക എന്നതിലുമായിരുന്നു. എന്നാൽ ഇബ്നു അബ്ബാസ്ﷺ തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചതാവട്ടെ ആഴത്തിലുള്ള ഗ്രാഹ്യതയിലും തെളിവുകൾ മനസ്സിലാക്കുന്നതിലും പ്രമാണങ്ങളെ കീറിമുറിച്ച് വിജ്ഞാനത്തിന്റെ നദികളൊഴുക്കുന്നതിലും അതിലെ വൈജ്ഞാനിക നിധിശേഖരങ്ങൾ പുറത്തെടുക്കുന്നതിലുമൊക്കെയായിരുന്നു.

അദ്ദേഹത്തിന് ശേഷമുള്ള പണ്ഡിതന്മാരെ നോക്കിയാലും ഇപ്രകാരം രണ്ടു വിഭാഗമായിരുന്നു എന്ന് കാണാവുന്നതാണ്. ഒരുവിഭാഗം പ്രമാണങ്ങൾ ഹൃദിസ്ഥമാക്കുന്നതിലും അതിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിലും ശ്രദ്ധിച്ചിരുന്നവർ. അതിനപ്പുറം തെളിവുകൾ നിർദ്ധരിക്കുന്നതിലും വൈജ്ഞാനിക നിധിഖേരങ്ങൾ പുറത്തെടുക്കുന്നതിലും അവർ കാര്യമായി ശ്രദ്ധയൂന്നിയിരുന്നില്ല. മറ്റേ വിഭാഗമാകട്ടെ മതവിധികൾ ഗ്രഹിക്കുന്നതിലും പ്രമാണങ്ങളിൽനിന്ന് തെളിവുകളും ന്യായങ്ങളും ഗ്രഹിക്കുന്നതിലും ശ്രദ്ധയൂന്നിയവരായിരുന്നു. ഒന്നാമത്തെ വിഭാഗത്തിലാണ് അബൂസർഅ, അബൂഹാതിം ഇബ്നുവാറ(റഹി) പോലെയുള്ളവർ. അവർക്കുമുമ്പ് ബുൻദാർ മുഹമ്മദുബ്നു ബശ്ശാർ, അംറുന്നാകിദ്, അംറുബ്നു യസാർ(റഹി) പോലുള്ളവരും. അവർക്കു മുമ്പ് മുഹമ്മദുബ്നു ജഅ്ഫർ ഗുൻദർ, സഈദുബ്നു അബീ അറൂബ(റഹി) പോലുള്ളവരും. ഇവരൊക്കെ മനഃപാഠമാക്കുന്നവതിൽ ശ്രദ്ധയൂന്നിയവരായിരുന്നു.

രണ്ടാമത്തെ വിഭാഗം ഇമാം മാലിക്, ലൈഥ്, സുഫ്യാൻ, ഇബ്നുൽമുബാറക്, ശാഫിഈ, ഔസാഈ, ഇസ്ഹാക്, അഹ്മദുബ്നു ഹമ്പൽ, ബുഖാരി, അബൂദാവൂദ്, മുഹമ്മദുബ്നു നസ്ർ അൽ മർവസി(റഹി) പോലുള്ള, മതവിധികൾ കണ്ടെത്താനും തെളിവുകൾ നിർദ്ധരിക്കാനുമൊക്കെ കൂടുതൽ ശ്രദ്ധിച്ച മഹത്തുക്കളാണ്.

ഈ രണ്ടുവിഭാഗവുമാണ് അല്ലാഹു അവന്റെ തിരുദൂതരെ നിയോഗിച്ചയച്ച സന്മാർഗംകൊണ്ട് ഏറ്റവും വലിയ വിജയംകൊയ്തവർ. അതായത് അവരത് പൂർണമായി സ്വീകരിക്കുകയും അതിനെ കാര്യമായി ഗ്രഹിക്കുകയും ചെയ്തു.

എന്നാൽ മൂന്നാമതൊരു വിഭാഗമുണ്ട്. അവരാണ് സൃഷ്ടികളിൽ ഏറ്റവും ഹതഭാഗ്യർ. അതായത് അല്ലാഹുവിന്റെ സന്മാർഗത്തെ സ്വീകരിക്കാനോ അതിന് ശ്രദ്ധകൊടുക്കുവാനോ തയ്യാറാകാതിരുന്നവർ. മനഃപാഠമോ ഗ്രാഹ്യതയോ മതം പഠിക്കലോ ഇല്ലാത്ത, മറ്റുള്ളവരിലേക്ക് അത് പകർന്നു കൊടുക്കുകയോ അതിനെ ശ്രദ്ധിക്കുകയോ ഒന്നും ചെയ്യാത്തവർ.

ഹദീഥിൽ പറയപ്പെട്ട മൂന്നു വിഭാഗക്കാരിൽ ഒന്നാമത്തേത് പ്രമാണങ്ങൾ ആഴത്തിൽ ഗ്രഹിച്ചവരും അതിനെ കാര്യമായി ശ്രദ്ധിച്ചവരും മറ്റുള്ളവരിലക്ക് അത് എത്തിക്കുവാൻ ശ്രമിച്ചവരുമാണ്.

രണ്ടാമത്തെ വിഭാഗം, പ്രമാണങ്ങളെ ശ്രദ്ധിച്ചവരും അത് മറ്റുള്ളവരിലേക്ക് കൈമാറിയവരുമാണ്. അവർക്ക് മതനിയമങ്ങളെ സംബന്ധിച്ചുള്ള ഗ്രാഹ്യതയും പാണ്ഡിത്യവുമുണ്ട്. എന്നാൽ അതിനെക്കാൾ മനഃപാഠമാക്കുന്ന കാര്യത്തിലായിരുന്നു അവരുടെ കൂടുതൽ ശ്രദ്ധ.

മൂന്നാമത്ത വിഭാഗം ഹതഭാഗ്യരാണ്. അവർക്ക് മതജ്ഞാനവും ഗ്രാഹ്യതയും അത് മനഃപാഠമാക്കലും ഒന്നുമില്ല. "അവർ നാൽക്കാലികളെ പോലെയാണ്, അല്ല അതിനെക്കാൾ വഴിപിഴച്ചവരാണ്" (ക്വുർആൻ 25:44).

അവരാണ് ഭൂമിക്ക് ഭാരമായവർ. സുഖഭോഗങ്ങളിൽ മാത്രമാണ് അവരുടെ ശ്രദ്ധ. ഉദരപൂരണവും ലൈംഗികാസ്വാദനവും കഴിഞ്ഞാൽ വസ്ത്രങ്ങളിലും അലങ്കാരങ്ങളിലുമാണ് അവരുടെ ശ്രദ്ധ. അതു കഴിഞ്ഞാൽ വീടും തോട്ടവും വാഹനവും. അതിനുമപ്പുറം പോയാൽ നേതൃമോഹവും സ്വേച്ഛാധിപത്യവും. അതായത് നായ്ക്കളുടെയും വന്യജീവികളുടെയും മനസ്സ്. മലക്കുകളുടെ മാനസികാവസ്ഥ അവരിലൊരാൾക്കും ഉണ്ടാകില്ല.

ചുരുക്കത്തിൽ, മനസ്സുകൾ അഥവാ മനോഗതികൾ മൂന്നുവിധമാണ്. നായകളുടെതും വന്യജീവികളുടെതും മലക്കുകളുടെതും. നായ്ക്കളുടെത് എല്ലിൻകഷ്ണങ്ങൾകൊണ്ടും ശവങ്ങൾകൊണ്ടും മാലിന്യങ്ങൾകൊണ്ടുമൊക്കെ തൃപ്തിയടയന്നവ. എന്നാൽ വന്യജീവികളുടെത് അവകൊണ്ട് തൃപ്തിപ്പെടുകയില്ല. പ്രത്യുത മറ്റുള്ളവരെ അടക്കിഭരിക്കലും ന്യായാന്യായഭേദമില്ലാതെ ഏതുവിധത്തിലായാലും അവരുടെമേൽ ആധിപത്യം നേടലുമൊക്കെയാണ് അവർ ആഗ്രഹിക്കുന്നത്. എന്നാൽ മലക്കുകളുടെത് ഇതിൽനിന്നെല്ലാം ഔന്നത്യം നേടിയതാണ്. അവരുടെ ശ്രദ്ധ പടച്ചവനും പരലോകവും വിശ്വാസവും വിജ്ഞാനവും അല്ലാഹുവിനോടള്ള സ്നേഹവും അവനിലേക്കുള്ള ഖേദപ്രകടനവും അവനിൽ ശാന്തി കണ്ടെത്തലും അവനിലേക്ക് സമാധാനമടയലും അവന്റെ ഇഷ്ടങ്ങൾക്കും തൃപ്തികൾക്കും പ്രാമുഖ്യം നൽകലു

മൊക്കെയാണ്. ഇഹലോകത്തിൽനിന്ന് അവർക്കുവേണ്ടത് സ്രഷ്ടാവും രക്ഷിതാവും ഉടമസ്ഥനുമായ അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുവാനാവശ്യമായത് മാത്രമാണ്. അല്ലാതെ ഐഹികസുഖങ്ങളിൽ ഇഴുകിച്ചേരാൻ അവർക്ക് താൽപര്യമില്ല.

പിന്നീട് അല്ലാഹു മറ്റൊരു ഉപമ വിശദീകരിച്ചിരിക്കുന്നു. അത് തീയിന്റെ ഉപമയാണ്. അല്ലാഹു പറയുന്നു:

"...വല്ല ആഭരണമോ ഉപകരണമോ ഉണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ട് അവർ തീയിലിട്ടു കത്തിക്കുന്ന ലോഹത്തിൽ നിന്നും അത് പോലുള്ള നുരയുണ്ടാകുന്നു. അതു പോലെയാകുന്നു അല്ലാഹു സത്യത്തെയും അസത്യത്തെയും ഉപമിക്കുന്നത്. എന്നാൽ ആ നുര ചവറായി പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു" (ക്വുർആൻ 13:17).

'വല്ല ആഭരണമോ ഉപകരണമോ ഉണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ട് അവർ തീയിലിട്ടു കത്തിക്കുന്ന ലോഹത്തിൽനിന്നും അത് പോലുള്ള നുരയുണ്ടാകുന്നു.' അതായത് ചെമ്പ്, ഇരുമ്പ്, വെള്ളി, സ്വർണം പോലെയുള്ള ലോഹങ്ങൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്താനും അവയിലെ അഴുക്കുകൾ നീക്കംചെയ്യാനും വേണ്ടി തീയിൽ പ്രവേശിപ്പിക്കുന്നു. അപ്പോൾ അവയിലെ അഴുക്കുകൾ പുറന്തള്ളപ്പെടുകയും ശുദ്ധമായ ലോഹം അവശേഷിക്കുകയും ചെയ്യും. അതാണ് ജനങ്ങൾക്ക് ഉപകരിക്കുന്നത്.

ഈ രണ്ട് ഉപമകളും വിശദീകരിക്കുമ്പോൾ അല്ലാഹുവിന് ഉത്തരം ചെയ്യുകയും സന്മാർഗത്തിലേക്ക് ശ്രദ്ധ കൊടുക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചും അവന് ഉത്തരം ചെയ്യാത്തവരും അവന്റെ സന്മാർഗത്തിന് ശ്രദ്ധ കൊടുക്കാത്തവരുമായ ആളുകളെ സംബന്ധിച്ചും അല്ലാഹു പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

"തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം സ്വീകരിച്ചവർക്കാണ് ഏറ്റവും ഉത്തമമായ പ്രതിഫലമുള്ളത്. അവന്റെ ആഹ്വാനം സ്വീകരിക്കാത്തവരാകട്ടെ ഭൂമിയിലുള്ളത് മുഴുവനും, അതോടൊപ്പം അത്രയും കൂടിയും അവർക്ക് ഉണ്ടായിരുന്നാൽ പോലും (തങ്ങളുടെ രക്ഷയ്ക്കു വേണ്ടി) അതൊക്കെയും അവർ പ്രായശ്ചിത്തമായി നൽകുമായിരുന്നു. അവർക്കാണ് കടുത്ത വിചാരണയുള്ളത്. അവരുടെ സങ്കേതം നരകമത്രെ. ആ വാസസ്ഥലം എത്ര മോശം!" (ക്വുർആൻ 13:18).

ചുരുക്കത്തിൽ അല്ലാഹു ജീവസ്സ് നിശ്ചയിച്ചിട്ടുള്ളത് പ്രകാശമുള്ളിടത്താണ്. നിർജീവതയാകട്ടെ ഇരുട്ടത്തും. അതിനാൽ ആത്മാവിന്റെയും ജഡത്തിന്റെയും (ശരീരത്തിന്റെയും) ജീവൻ പ്രകാശമാണ്. അത് വെളിച്ചത്തിന്റെതെന്നപോലെ ജീവന്റെയും പ്രധാന ഘടകമാണ്. അതില്ലാതെ വെളിച്ചമുണ്ടാകില്ല എന്നപോലെത്തന്നെ അതിന്റെ അഭാവത്തിൽ ജീവനുമുണ്ടാകില്ല. അതുമൂലമാണ് ഹൃദയം ജീവസ്സുറ്റതാകുന്നതും അതിന് വിശാലതയും ആശ്വാസവും കിട്ടുന്നതും. നബിﷺ പറഞ്ഞതായി തിർമുദി ഉദ്ധരിക്കുന്നതും അതാണല്ലോ: 'പ്രകാശം ഹൃദയത്തിൽ പ്രവേശിച്ചാൽ അതിന് വിശാലതയും ആശ്വാസവും കൈവരുന്നു.' അനുചരർ ചോദിച്ചു: 'അതിനുള്ള അടയാളമെന്താണ്?' നബിﷺ പറഞ്ഞു: 'ശാശ്വതമായ പരലോകത്തേക്കുള്ള മടക്കബോധവും വഞ്ചനയുടെ ഐഹികജീവിതത്തിൽനിന്നുള്ള അകൽച്ചയും മരണം വന്നെത്തുന്നതിനു മുമ്പേ അതിനായി തയ്യാറെടുക്കലുമാണ്.'

(ഇമാം തിർമുദിയുടെ 'ജാമിഇ'ൽ ഇപ്രകാരം ഒരു ഹദീഥ് കാണാൻ സാധിച്ചിട്ടില്ല. ഇബ്നുൽ ക്വയ്യിം(റഹി) അല്ലാത്ത ആരെങ്കിലും ഈ റിപ്പോർട്ട് തിർമുദിയിലേക്ക് ചേർത്തുപറഞ്ഞതും കണ്ടിട്ടില്ല. ഇബ്നുൽമുബാറക് തന്റെ 'സുഹ്ദി'ലും അബ്ദർറസാക് തന്റെ 'തഫ്സീറി'ലും സഈദുബ്നു മൻസൂർ 'സുനനി'ലും ഹാകിം 'മുസ്തദ്റകി'ലും ഇത് റിപ്പോർട്ടുചെയ്തിട്ടുണ്ട്- കുറിപ്പുകാരൻ).

ഒരു അടിമയുടെ പ്രകാശമാണ് അദ്ദേഹത്തിന്റെ കർമങ്ങളെയും വാക്കുകളെയും അല്ലാഹുവിലേക്ക് കയറ്റിക്കൊണ്ടുപോകുന്നത്. അല്ലാഹുവിലേക്ക് വിശിഷ്ടമായ വനചങ്ങളല്ലാതെ കയറിപ്പോവുകയില്ല. അത് പ്രകാശമാണ്. അതിന്റെ ഉത്ഭവവും പ്രകാശമാണ്. കർമങ്ങളിൽനിന്നും സൽകർമങ്ങളല്ലാതെയും ആത്മാക്കളുടെ കൂട്ടത്തിൽ വിശുദ്ധമായവയുമല്ലാതെ അവനിലേക്ക് കയറിപ്പോവുകയില്ല. അതായത്, അല്ലാഹു തന്റെ തിരുദൂതർക്ക് ഇറക്കിക്കൊടുത്ത പ്രകാശത്താൽ പ്രശോഭിതമായ സത്യവിശ്വാസികളുടെ ആത്മാക്കളാണത്. അപ്രകാരംതന്നെ പ്രകാശത്താൽ പടക്കപ്പെട്ട മലക്കുകളും.

ആഇശ‎ۡ നബിﷺയിൽനിന്നും ഉദ്ധരിക്കുന്നു: "മലക്കുകൾ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പിശാചുക്കളാകട്ടെ തീയിൽനിന്നുമാണ് പടക്കപ്പെട്ടത്. ആദം ആകട്ടെ നിങ്ങൾക്ക് വിവരിക്കപ്പെട്ടതിൽ നിന്നും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (മുസ്‌ലിം).

**(അവസാനിച്ചില്ല)**

അർശദ് കുറിശ്ശാംകുളം
mail@nerpatham.com

ലേഖനം

# ദൈവവും നാസ്തികരും

ദൈവമുണ്ടോ, അഥവാ ഇക്കാണുന്ന പ്രപഞ്ചത്തിന്റെ രൂപീകരണത്തിനു പിന്നിൽ ഒരു ആദികാരണം അല്ലെങ്കിൽ ഒരു ശക്തിയുണ്ടോ എന്ന ചോദ്യം പലരുടെയും മനസ്സിലുള്ളതാണ്. പ്രഞ്ചത്തെക്കുറിച്ച് ചിന്തിക്കുന്നവരെല്ലാം ദൈവമുണ്ട് എന്ന ഉത്തരം കണ്ടെത്തും. ഈ ചോദ്യം നാസ്തികരോട് ചോദിച്ചാൽ അവർ പറയും ഈ പ്രപഞ്ചം അനാദിയാണ് എന്ന്.

ശാസ്ത്രലോകത്ത് കൂടുതൽ അംഗീകരിക്കപ്പെട്ട സിദ്ധാന്തമാണ് big bang theory. അതായത് ഈ പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ട് എന്ന മഹാവിസ്ഫോടന സിദ്ധാന്തം. എന്നാൽ ഇപ്പോൾ നാസ്തികരിലെ ലോറൻസ് ക്രോസ്സിനെപ്പോലെയുള്ള ആളുകൾ പറയുന്നത് പ്രപഞ്ചം ഒന്നുമില്ലായ്മയിൽ നിന്നും വന്നതാണ് എന്നാണ്. ഒന്നുമില്ലായ്മയിൽ നിന്നും ഒരു കസേര ഉണ്ടായി എന്ന് ഒരാൾ വാദിച്ചാൽ ഏതെങ്കിലും നാസ്തികൻ വിശ്വസിക്കുമോ? ഇല്ല! പിന്നെ എങ്ങനെയാണ് ഒന്നുമില്ലായ്മയിൽ നിന്നും പ്രപഞ്ചം ഉണ്ടാവുക? അവർ ആ ഒന്നുമില്ലായ്മയെ എന്തൊക്കെയോ ആക്കാനുള്ള കഠിനമായ പരിശ്രമത്തിലാണ്! ദൈവം എന്നത് കേവലം വിശ്വാസം മാത്രമാണെന്നാണ് അവർ പറയുന്നത്.

ഫിലോസഫിയിൽ contengency argument അല്ലെങ്കിൽ argument from dependency (ആശ്രിതത്വ വാദം) എന്ന ഒരു വാദമുണ്ട്. ഇത് പറയുന്നത് ഈ പ്രപഞ്ചത്തിൽ എല്ലാ വസ്തുക്കളും നിലനിൽക്കുന്നത് ഒന്ന് മറ്റൊന്നിനെ ആശ്രയിച്ചാണ് എന്നാണ്. ഭൗതികശാസ്ത്ര നിയമങ്ങളും അതുതന്നെയാണ് പറയുന്നത്. സ്വയം ചലിക്കാൻ കഴിവില്ലാത്ത ഈ പ്രപഞ്ചം എങ്ങനെ ചലനസജ്ജമായി? തീർച്ചയായും ആരാലും സൃഷ്ടിക്കപ്പെടാത്ത മറ്റൊരു അസ്തിത്വം ഉണ്ടായിരിക്കണം. അത് അനിവാര്യവുമാണ്. അപ്പോൾ പ്രപഞ്ചത്തെ സൃഷ്ടിച്ചത് ഈ പരാശ്രയം ആവശ്യമില്ലാത്ത അസ്തിത്വമായിരിക്കണം.

ഈ പ്രപഞ്ചത്തിൽ എല്ലാ കാര്യങ്ങൾക്ക് പിന്നിലും ഒരു കാരണമുണ്ട്. അത് കാരണമില്ലാത്ത ഒരു അസ്തിത്വത്തിൽ ചെന്നവസാനിക്കും. നാസ്തികർ പറയുന്നത് പോലെ പ്രപഞ്ചം അനാദിയാണെങ്കിൽ ഓരോന്നിന്റെയും പിന്നിലെ കാരണങ്ങൾ അന്വേഷിച്ചു പോകുമ്പോൾ അത് അനന്തമായി തുടരും. ഈ അനന്തമായ തുടർച്ച ഒരിക്കലും ഒരു കാര്യം സംഭവിക്കുന്നതിന് വഴിവെക്കില്ല. അപ്പോൾ ഈ പ്രപഞ്ചം താനെ ഉണ്ടാകാൻ തരമില്ല. ദൈവമുണ്ടെന്നു പറഞ്ഞാൽ നാസ്തികർ ചോദിക്കും; അപ്പോൾ ദൈവത്തെ ആരെങ്കിലും സൃഷ്ടിച്ചതാകണ്ടേ എന്ന്. ഒരു വാദത്തിനു വേണ്ടി ഇത് സമ്മതിക്കാം. അപ്പോൾ വീണ്ടും ചോദ്യം വരും; അതിനെ ആര് സൃഷ്ടിച്ചു എന്ന്. ഇത് അനന്തമായി തുടരും.

ഈ ബാലിശമായ വാദം ഒരു ചെറിയ ഉദാഹരണത്തിലൂടെ അസംഭവ്യമാണെന് തെളിയിക്കാം. അതായത് ഒരു വ്യക്തി; മറ്റൊരു സ്ഥലത്ത് ചെന്നുപെട്ട അയാൾക്ക് വീട്ടിലേക്ക് തിരിച്ചുപോകാൻ കൈയിൽ കാശില്ല. അയാൾ ഒരാളോട് കാശ് കടം ചോദിക്കുന്നു. അയാൾ എന്റെയടുത്ത് കാശില്ല, വേറൊരാളോട് വാങ്ങിത്തരാമെന്ന് പറയുന്നു. ഇത് ഇങ്ങനെ അനന്തമായി തുടരുന്നു. അപ്പോൾ ഒരിക്കലും ആ വ്യക്തിക്ക് കാശ് കിട്ടുകയില്ല, ആ വ്യക്തി വീടെത്തുകയുമില്ല. മറിച്ച് ഏതോ ഒരാൾ ആരെയും ആശ്രയിക്കാതെ സ്വന്തം പൈസ എടുത്തു കൊടുക്കുന്നു. അപ്പോൾ ആ വ്യക്തിക്ക് വീട്ടിൽ പോകാൻ സാധിക്കുന്നു. ഇതു തന്നെയാണ് ദൈവത്തിന്റെ കാര്യത്തിലും പറയാനുള്ളത്.

ദൈവത്തെ ആരെങ്കിലും സൃഷ്ടിച്ചതാണെങ്കിൽ അതിനെ ആര് സൃഷ്ടിച്ചു എന്ന ചോദ്യം വരും. ഇത് അനന്തമായി തുടരും. ഇത് ഒരിക്കലും പ്രപഞ്ച സൃഷ്ടിപ്പ് ആരു നടത്തി എന്ന് കണ്ടെത്തുന്നതിലേക്ക് നയിക്കുന്നില്ല. ആരുമില്ലെങ്കിൽ പ്രപഞ്ചമുണ്ടാകാനും വഴിയില്ല. എന്നാൽ ഓരോ വസ്തുവിന്റെയും കാരണമന്വേഷിച്ചു പോകുമ്പോൾ അത് ഒന്നിനെയും ആശ്രയിക്കാത്ത, അനാദിയായ, അനിവാര്യമായ ഒരു അസ്തിത്വത്തിലേക്ക് ചെന്നവസാനിച്ചിരിക്കണം. ദൈവം എന്നത് ഒരു ഈ പ്രപഞ്ചത്തിന് അനിവാര്യ അസ്തിത്വമാണ് (necessary existence). പ്രപഞ്ചം ഉണ്ടാകണമെങ്കിൽ അനാദിയായ, എല്ലാവരും ആശ്രയിക്കുന്ന എന്നാൽ ആരെയും ആശ്രയിക്കേണ്ടാത്ത ഒരു അസ്തിത്വം അനിവാര്യമാണ്. ദൈവത്തിനുള്ള തെളിവ് ഈ പ്രപഞ്ചം തന്നെയാണ്.

നബീൽ പയ്യോളി
nabeelpayyoly@gmail.com



# ഡിജിറ്റൽ ഡിവൈഡും സർക്കാർ ചലഞ്ചും

> അപ്രതീക്ഷിത സാഹചര്യത്തിലാണ് നാട് ഓൺലൈൻ വിദ്യാഭ്യാസത്തിലേക്ക് മാറിയത്. പരിമിതമായ സാഹചര്യങ്ങൾക്കുള്ളിൽനിന്ന് കൊണ്ടാണ് നാം പുതിയ സൗകര്യങ്ങൾ കണ്ടെത്തിയത്. അതിന് തുടർച്ചയുണ്ടായേ തീരൂ. എന്തിനും ഏതിനും പൊതുജനങ്ങളെ ആശ്രയിക്കുന്ന നിലപാട് ഭാവിയിൽ ഗുണത്തെക്കാളേറെ ദോഷമേ വരുത്തിവെക്കൂ.

എന്തിനും ഏതിനും ചലഞ്ചാണിന്ന്. നാട്ടിലെന്ത് ആവശ്യമുണ്ടായാലും ചലഞ്ചാണ്. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സന്മനസ്സുകൾ ഒന്നിച്ച് ജനകീയ പരിഹാരം കാണലാണ് ചലഞ്ചുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് പൊതുവിൽ പറയാം. മുൻകാലങ്ങളിൽ ജനകീയ കൂട്ടായ്മകൾ ചെയ്തിരുന്ന സേ

വന പ്രവർത്തനങ്ങൾക്കുള്ള ന്യൂജൻ പേരാണ് ചലഞ്ച്. എന്നാൽ അത് സാർവത്രികമായി നടപ്പിലാക്കുമ്പോൾ ചില ചതിക്കുഴികൾ കൂടി അതിൽ ഒളിഞ്ഞിരിപ്പുണ്ടെന്ന് മനസ്സിലാക്കാതെപോകരുത്.

ഇക്കഴിഞ്ഞ ആഗസ്റ്റ് പത്താം തീയതി സർക്കാർ പുറത്തിറക്കിയ ഒരു ഉത്തരവ് ശ്രദ്ധേയമാണ്. ജില്ലാ കലക്ടർമാർക്കും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റ്, സെക്രട്ടറി, ജില്ലാ വിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്കാണ് ഓൺലൈൻ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതുമായി ബന്ധപ്പെട്ട സർക്കുലർ അയച്ചിരിക്കുന്നത്. സർക്കുലറിലെ പ്രധാന ഭാഗങ്ങൾ ഇവയാണ്:

4) ...പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ വിദ്യാഭ്യാസം പൂർണമായി നടപ്പാക്കാനായി ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമുള്ള കുട്ടികൾക്ക് സമൂഹസഹായത്തോടെ അവ ലഭ്യമാക്കാൻ 'വിദ്യാകിരണം' എന്ന പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്.

5) വിദ്യാകിരണം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു:

1) വിദ്യാകിരണം പോർട്ടലിൽ ജില്ല, നിയമസഭാമണ്ഡലം, തദ്ദേശ സ്വയംഭരണ സ്ഥാപനം, സ്കൂൾ എന്നിങ്ങനെ തരംതിരിച്ച് ഡിജിസ്റ്റൽ ഉപകരണങ്ങൾ ആവശ്യമുള്ള കുട്ടികളുടെ എണ്ണം കാണുന്നതിന് സൗകര്യം ഒരുക്കേണ്ടതാണ്. വ്യക്തികൾ/ഗ്രൂപ്പുകൾ/കമ്പനികൾക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ ഏതെങ്കിലും സ്കൂളിലെയോ സ്കൂളുകളിലെയോ കുട്ടികളുടെ എണ്ണത്തിനനുസൃതമായതോ അല്ലെങ്കിൽ ഒരു നിശ്ചിത തുകയായോ സംഭാവനകൾ നൽകാൻ ഓൺലൈൻ പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഇത് നടപ്പിലാക്കേണ്ട രീതിയും, നിലവിൽ നടന്നുവരുന്ന പദ്ധതികൾ ഇനി വിദ്യാകിരണം പദ്ധതിക്ക് കീഴിലായിരിക്കും, ഇങ്ങനെ വിതരണം ചെയ്യുന്ന ഉപകരണങ്ങൾ സ്കൂളുകളിൽ പ്രത്യേക രജിസ്റ്റർ സൂക്ഷിച്ച് വിദ്യാർഥികൾക്ക് താൽക്കാലികാടിസ്ഥാനത്തിൽ വിതരണം ചെയ്യേണ്ടതാണ്, ഇതിനായി രക്ഷിതാക്കളുമായി ധാരണാപത്രം ഒപ്പിടേണ്ടതാണ്, ഈ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ പരിശീലനം നൽകണം... തുടങ്ങിയ നിർദേശങ്ങളാണ് സർക്കുലറിന്റെ ആകെത്തുക.

കോവിഡ്കാലത്ത് ഏറ്റവുംവലിയ പ്രതിസന്ധി നേരിട്ട ഒരുതലം വിദ്യാഭ്യാസ മേഖലയാണ്. വിദ്യാലയങ്ങൾ അടച്ചിടേണ്ടിവന്നതിനാൽ കുട്ടികളുടെ പഠനം മുടങ്ങുമോ എന്ന ആശങ്കയിൽനിന്നാണ് ഓൺലൈൻ വിദ്യാഭ്യാസം പൊടുന്നനെ നടപ്പാക്കിയത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഭേദപ്പെട്ട നിലയിലുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കുമ്പോൾ ഡിജിറ്റൽ ഡിവൈഡ് ഉണ്ടാവാതിരിക്കാനുള്ള വേണ്ടത്ര മുൻകരുതൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നുവേണം ഇതിൽനിന്നും മനസ്സിലാക്കാൻ. കോവിഡ് കാലത്തെ രണ്ടാം അധ്യയന വർഷത്തിലെ ആദ്യപാദം കഴിയാറായിട്ടും ഡിജിറ്റൽ ഡിവൈഡ് പരിഹരിക്കാൻ സാധിച്ചിട്ടില്ലെന്നത് ഗൗരവതരമാണ്. ഓൺലൈൻ വിദ്യാഭ്യാസത്തിന് സഹായകമാവും വിധം സർക്കാർ വിവിധ ഏജൻസികളിലൂടെ നൽകിയ കൊക്കോണിക്സ് ലാപ്‌ടോപ്പുകൾ പ്രവർത്തന രഹിതമാണെന്നും അവ വാങ്ങിയ ഇനത്തിലുള്ള വാ

**ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഭേദപ്പെട്ട നിലയിലുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കുമ്പോൾ ഡിജിറ്റൽ ഡിവൈഡ് ഉണ്ടാവാതിരിക്കാനുള്ള വേണ്ടത്ര മുൻകരുതൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നുവേണം ഇതിൽനിന്നും മനസ്സിലാക്കാൻ. കോവിഡ് കാലത്തെ രണ്ടാം അധ്യയന വർഷത്തിലെ ആദ്യപാദം കഴിയാറായിട്ടും ഡിജിറ്റൽ ഡിവൈഡ് പരിഹരിക്കാൻ സാധിച്ചിട്ടില്ലെന്നത് ഗൗരവതരമാണ്. ഓൺലൈൻ വിദ്യാഭ്യാസത്തിന് സഹായകമാവും വിധം സർക്കാർ വിവിധ ഏജൻസികളിലൂടെ നൽകിയ കൊക്കോണിക്സ് ലാപ്‌ടോപ്പുകൾ പ്രവർത്തന രഹിതമാണെന്നും അവ വാങ്ങിയ ഇനത്തിലുള്ള വായ്പ തിരിച്ചടക്കാൻ സ്ഥാപനങ്ങൾ വിദ്യാർഥികളുടെ മേൽ സമ്മർദം ചെലുത്തുന്നു എന്നുമുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു.**

> **സർക്കാരിനോടോ ജനപ്രതിനിധികളോടോ ഏതെങ്കിലും ഉദ്യോഗസ്ഥരോടോ ഉള്ള അന്ധമായ വിരോധം തീർക്കാനുള്ള നീക്കങ്ങൾ സോഷ്യൽ ഓഡിറ്റിംഗിന്റെ മറവിൽ അനുവദിക്കാവതല്ല. രാജ്യത്തിന്റെ ചരിത്രത്തിൽ വിപ്ലവം സൃഷ്ടിച്ച വിവരാവകാശ നിയമം ഈ സോഷ്യൽ ഓഡിറ്റിംഗ് രംഗത്ത് പൗരന്മാർക്ക് വലിയ സാധ്യത നൽകുന്നുണ്ട്. വസ്തുതകൾ മറച്ചുവെക്കാനും തെറ്റിദ്ധരിപ്പിക്കാനുമുള്ള ശ്രമങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കാൻ വിവരാവകാശ നിയമം സഹായകമായിട്ടുണ്ട്.**

യ്പ തിരിച്ചടക്കാൻ സ്ഥാപനങ്ങൾ വിദ്യാർഥികളുടെ മേൽ സമ്മർദം ചെലുത്തുന്നു എന്നുമുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഭാഗമാവാൻ കഴിയാതെ പ്രയാസപ്പെടുന്ന നിരവധി വിദ്യാർഥികൾ ഇന്നുമുണ്ടെന്നതാണ് നാടുനീളെ നടക്കുന്ന ചലഞ്ചുകൾ ഓർമിപ്പിക്കുന്നത്.

'വിദ്യാഭ്യാസ അവകാശനിയമം' നിലനിൽക്കുന്ന രാജ്യമാണ് ഇന്ത്യ. ഏതൊരു ജനതയുടെയും പുരോഗതിക്ക് വിദ്യാഭ്യാസത്തിന് വലിയൊരു പങ്ക് നിർവഹിക്കാനുണ്ടെന്ന തിരിച്ചറിവിൽ നിന്നാണ് രാജ്യചരിത്രത്തിൽതന്നെ വലിയ മാറ്റങ്ങൾക്ക് കാരണമായ വിദ്യാഭ്യാസ അവകാശനിയമം ഉണ്ടാക്കിയത്. ആറ് മുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും അടിസ്ഥാന വിദ്യാഭ്യാസം സൗജന്യവും നിർബന്ധവുമാക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് ആവിഷ്ക്കരിച്ച നിയമമാണ് 'വിദ്യാഭ്യാസ അവകാശനിയമം' (RTE Act: Right to Education Act :The Right of Children to free and compulsory education bill 2009). 2009 ഓഗസ്റ്റ് 4ന് ഇന്ത്യൻ പാർലമെന്റിൽ ഈ നിയമം പാസ്സാക്കുകയുണ്ടായി. ഇതിലേക്ക് ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 21 എ ഭേദഗതി ചെയ്തു. 2010 ഏപ്രിൽ ഒന്നിന് ഈ നിയമം പ്രാബല്യത്തിൽവന്നു. ഇന്ത്യാചരിത്രത്തിലെ സുപ്രധാനമായ ഒരു നിയമ നിർമാണമാണിത്. നമ്മുടെ ജനസംഖ്യയുടെ 40 ശതമാനവും 18 വയസ്സിനു താഴെയുള്ള കുട്ടികളാണ്. കുട്ടികളിൽ പകുതിയും 6നും 14നും ഇടയിലുള്ളവർ. അതായത്, അടിസ്ഥാന വിദ്യാഭ്യാസത്തിന് അർഹരായ 190 ദശലക്ഷം കുട്ടികൾ ഇന്ത്യയിലുണ്ട്. ഇതിൽ 9 ദശലക്ഷം കുട്ടികൾ സ്കൂളിൽ എത്തുന്നില്ലെന്നാണ് യുനിസെഫ് കണക്കാക്കുന്നത്. സ്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ മൊത്തത്തിലുള്ള ശരാശരി 36 ശതമാനമാണ്. പെൺകുട്ടികളുടെത് മാത്രമെടുത്താൽ അതിനെക്കാൾ കൂടുതൽ. ആ നിലയ്ക്ക് സ്ത്രീ വിദ്യാഭ്യാസം കൂടുതൽ പരിപോഷിപ്പിക്കാനും ബാലവേല നിരുത്സാഹപ്പെടുത്തുവാനുമുള്ള ധീരമായ ഒരു ചുവടുവയ്പാണ് ഈ നിയമം.

2011 ഏപ്രിൽ മാസത്തിലാണ് ഈ നിയമം കേരളത്തിൽ നിലവിൽവന്നത്. ഇതുപ്രകാരം ഒന്നാം ക്ലാസ്സുമുതൽ എട്ടാം ക്ലാസ്സുവരെയുള്ള പഠനം സൗജന്യമായും ഗുണമേന്മയുള്ളതായും നിർബന്ധിതമായും ലഭ്യമാക്കേണ്ടത് സർക്കാരിന്റെ ബാധ്യതയാണ്. കോവിഡ് പ്രതിസന്ധി ലോകക്രമത്തെ വല്ലാതെ മാറ്റിമറിച്ചു എന്നത് യാഥാർഥ്യമാണ്. എങ്കിലും സർക്കാർ എന്ന നിലയിൽ ഒരു സംസ്ഥാനത്തിന്റെ മുഴുവൻ ജനങ്ങളുടെയും ഉത്തരവാദിത്തം ഏറ്റെടുത്ത ഒരു സംവിധാനം പ്രഥമവും പ്രധാനമായും പരിഗണിക്കേണ്ടത് അടിസ്ഥാനവർഗത്തെയാണ്. ഏതൊരു പദ്ധതിയും ആവിഷ്കരിക്കുമ്പോഴും അന്നന്നത്തെ അന്നത്തിന് പ്രയാസപ്പെടുന്ന പാവങ്ങളെയാണ് ഓർമവരേണ്ടത്. എന്നാൽ നിരാശാജനകം എന്ന് പറയട്ടെ, ഏതൊരു സർക്കാർ അധികാരത്തിൽ വന്നാലും പലപ്പോഴും ഈ വിഭാഗങ്ങളെ മറക്കുകയാണ് പതിവ്.

ചലഞ്ചിലേക്ക് തിരിച്ചു വരാം. എന്തിനും ഏതിനും ചലഞ്ച് എന്ന രീതി നാട്ടിൽ വ്യാപകമായിക്കഴിഞ്ഞു. പൗരന്മാരുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, പൊതു ഗതാഗത സൗകര്യങ്ങൾ, വെള്ളം, വൈദ്യുതി തുടങ്ങിയവ അവർക്ക് ലഭ്യമാക്കുക എന്നത് ഏതൊരു ഭരണകൂടത്തിന്റെയും ബാധ്യതയാണ്. എന്നാൽ ഇത്തരം വിഷയങ്ങൾ സർക്കാരിന്റെ ബാധ്യതയും ജനങ്ങളുടെ അവകാശവുമാണെന്നതിൽനിന്ന് മാറി ജനങ്ങളുടെ ബാധ്യതയും സർക്കാർ അതിന്റെ ക്രെഡിറ്റെടുക്കാനുള്ള ഏജൻസിയുമായി മാറുന്നുവോ എന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റംപറയാനാവില്ല.

ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നാട്ടിൽ വ്യാപകമായി ഈ ചലഞ്ചുകൾ നടന്നു

കൊണ്ടിരിക്കുന്നു. പതിനാലു വയസ്സുവരെ വിദ്യാഭ്യാസം സൗജന്യമായി ലഭിക്കുക എന്നത് നാട്ടിലെ മുഴുവൻ വിദ്യാർഥികളുടെയും അവകാശമായി നിയമം പ്രാബല്യത്തിലുള്ള നാട്ടിൽ വിദ്യാർഥികൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കൽ എങ്ങനെ പൊതുജനങ്ങളുടെ ബാധ്യതയാകും?

കഴിഞ്ഞ ബജറ്റ് അവതരണ വേളയിൽ മരണമടഞ്ഞ രണ്ട് പ്രധാന രാഷ്ട്രീയ നേതാക്കളുടെ പേരിൽ സ്മാരകങ്ങൾ നിർമിക്കാൻ പദ്ധതി പ്രഖ്യാപിച്ചപ്പോൾ ആ തുക സംസ്ഥാനത്തെ പാവപ്പെട്ട വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും ആ പദ്ധതിക്ക് അവരുടെ പേര് നൽകുകയും ചെയ്യാം എന്ന നിർദേശത്തെ സർക്കാർ അവഗണിക്കുകയാണ് ചെയ്തത്. പൊതുജനങ്ങളോട് മുണ്ട് മുറുക്കിയെടുക്കാൻ ആവശ്യപ്പെടുന്ന സർക്കാർതന്നെ കോടികൾ ഇത്തരം കാര്യങ്ങൾക്ക് വേണ്ടി നീക്കിവെക്കുന്നത് ശരിയല്ല എന്ന് പലരും ചൂണ്ടിക്കാണിച്ചതാണ്. പരസ്യങ്ങൾക്കും മന്ത്രിമന്ദിരങ്ങൾ മോടികൂട്ടാനും സർക്കാർ ഓഫീസുകൾ നവീകരിക്കാനും മറ്റും കോടികൾ ചെലവഴിക്കുന്നത് പൊതുജനം അറിയുന്നുണ്ട്. അതുകൊണ്ട് തന്നെ അവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ ആവശ്യമായ പണമില്ല എന്ന കാര്യം ഉൾക്കൊള്ളാൻ അവർക്കു കഴിയണമെന്നില്ല.

രണ്ടാം ലോക്ഡൗൺ കാലയളവിൽ പോലീസ് പിഴയായി ഈടാക്കിയത് 125 കോടിയോളം രൂപയാണെന്നത് കൂടി ചേർത്തുവായിക്കുമ്പോൾ ജനങ്ങളോട് സർക്കാർ സംവിധാനങ്ങൾ കാണിക്കുന്ന സമീപനം ബോധ്യമാവും. നടൻ മമ്മൂട്ടിയുടെ പേരിൽ ആഘോഷം നടത്താൻ ഈ പ്രതിസന്ധി കാലത്തും സർക്കാർ 'സന്മനസ്സ്' കാണിച്ചപ്പോൾ അതിനെ ആ നടൻതന്നെ എതിർത്തത് പൊതുഖജനാവിൽനിന്നുള്ള മറ്റൊരു ധൂർത്തിന് തടയിടാൻ സാധിച്ചു.

സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അപൂർവരോഗം ബാധിച്ച കുഞ്ഞുങ്ങൾക്ക് വേണ്ടി പൊതു സമൂഹം രംഗത്തിറങ്ങേണ്ടിവന്നു. സർക്കാർ അതിനായി മുന്നിട്ടിറങ്ങിയില്ല. കണ്ണൂരിലെ മുഹമ്മദിന്റെ ചികിത്സാചെലവിലേക്ക് സംഭാവനയായി ലഭിച്ച നാൽപത് കോടിയിലധികം വരുന്ന തുകയിൽ ആ കുഞ്ഞിന് ആവശ്യമായ തുകകഴിച്ച് ബാക്കി സർക്കാരിലേക്ക് കൈമാറുമെന്ന നിർദേശത്തെ പൊതുസമൂഹം എതിർത്തത് അതുകൊണ്ടായിരിക്കാം. സമാനരോഗം ബാധിച്ച കുട്ടികൾക്ക് വേണ്ടി ജനകീയ സമിതികൾ നടത്തുന്ന സഹായഫണ്ടിലേക്ക് അവ കൈമാറുകയാണ് നീതി. ശക്തമായ പ്രതിഷേധം ഉയർന്നപ്പോൾ ലക്ഷദ്വീപിലും കേരളത്തിലുമുള്ള, സമാനരോഗംമൂലം പ്രയാസപ്പെടുന്ന കുട്ടികൾക്ക് ആ തുക വീതിച്ചുനൽകാൻ മുഹമ്മദ് ചികിത്സാസഹായ കമ്മിറ്റിതന്നെ തീരുമാനിച്ചത് അഭിനന്ദനീയമാണ്. സർക്കാർ അലംഭാവം കാണിക്കുമ്പോൾ പൊതുജനം അവരുടെ ബാധ്യത നിർവഹിക്കുകയാണ്.

വാക്സിൻ ചലഞ്ചിലൂടെ കേരളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 817.5 കോടി രൂപയാണ് നൽകിയത്. കെ.ജെ മാക്സി എം.എൽ.എയുടെ ചോദ്യത്തിന് ധനമന്ത്രി നൽകിയ മറുപടി കഴിഞ്ഞ ജൂലൈ 30 വരെ വാക്സിൻ ചലഞ്ച് വഴി 817.5 കോടി രൂപ ലഭിച്ചതിൽനിന്നും 8,84,290 ഡോസ് വാക്സിൻ വാങ്ങിയ ഇനത്തിൽ 29 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത് എന്നായിരുന്നു. 13,42,540 ഡോസ് വാക്സിൻ സംസ്ഥാനത്ത് വിതരണം ചെയ്തെന്നും അദ്ദേഹം പറഞ്ഞു. ശക്തമായ പ്രതിഷേധത്തിന്റെയും സുപ്രീം കോടതി ഇടപെടലിന്റെയും ഫലമായി രാജ്യത്ത് വാക്സിൻ സൗജന്യമായാണ് കേന്ദ്രം ഇപ്പോൾ നൽകുന്നത്. അതുകൊണ്ട് വാക്സിൻ വാങ്ങിയ ഇനത്തിൽ ചെലവഴിച്ചു എന്നതിൽ അവ്യക്തത നിലനിൽക്കുന്നു. ഈ വിഷയത്തിൽ ധവളപത്രം ഇറക്കാൻ സർക്കാർ തയ്യാറാവണം. അതോടൊപ്പം ഈ പണം പാവങ്ങൾക്ക് പഠനോപകരണങ്ങൾ വാങ്ങാനും പ്രതിസന്ധി അനുഭ



വിക്കുന്ന കുടുംബങ്ങൾക്ക് പണമായി നൽകാനും സർക്കാർ തയ്യാറാവണം. പ്രതിസന്ധിയിൽ നിന്നും കരകയറാൻ ജനങ്ങൾ തന്ന പണം എന്ന നിലയിൽ ജനങ്ങൾക്ക് അതിൽ പ്രത്യേക അവകാശവുമുണ്ട്


പ്രളയഫണ്ടും ലൈഫ് പദ്ധതിയും അടക്കം ദുരന്തങ്ങളിൽ പൊതുജനങ്ങളുടെ കയ്യിൽനിന്നും ചലഞ്ചിലൂടെ പിരിച്ച പണം പലരും തട്ടിയെടുത്തതായാണ് വിവരം. അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കാനും ജനങ്ങളുടെ പണം തിരിച്ചുപിടിക്കാനും ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകുന്നില്ല എന്നത് തീർത്തും നിരാശാജനകമാണ്.

അവകാശബോധമില്ലാത്ത ജനങ്ങളും ഉത്തരവാദിത്തബോധമില്ലാത്ത ഭരണകൂടവും ഈ അനാരോഗ്യ പ്രവണതയുടെ ഉത്തരവാദികളാണെന്ന് പറയാതെവയ്യ. സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ഒരിക്കലും ആരുടെയെങ്കിലും ഔദാര്യമേയല്ല; മറിച്ച് പൗരന്റെ അവകാശമാണ്. പെൻഷൻ, സ്കോളർഷിപ്പുകൾ, ഭവനനിർമാണ സഹായം, ചികിത്സാ സഹായങ്ങൾ തുടങ്ങി ആനുകൂല്യങ്ങളൊന്നും ഔദാര്യമല്ല. നമ്മൾ നൽകിയ നികുതിപ്പണത്തിൽനിന്നും നമ്മുടെ അവകാശമാണ് ലഭിക്കുന്നതെന്ന ബോധം ഇനിയും ഉണ്ടാകാതെ പോകരുത്. സർക്കാരാണ് ഇത്തരം പദ്ധതികൾക്ക് പണം കണ്ടെത്തേണ്ടതും അവകാശ സംരക്ഷണം ഉറപ്പുവരുത്തേണ്ടതും.

വിദ്യാഭ്യാസ ഉപകരണങ്ങൾ വാങ്ങാൻ സർക്കാർ സമൂഹത്തിലെ സാമ്പത്തിക ഭദ്രതയുള്ളവരുടെയും സ്ഥാപനങ്ങളുടെയും സഹായം സ്വീകരിക്കുന്നതിൽ തെറ്റില്ല. എന്നാൽ പൊതുജനങ്ങളിൽനിന്ന് പണം പിരിച്ച് ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത് അംഗീകരിക്കാവതല്ല. പണം പൊതുജനങ്ങളുടെതും പദ്ധതി സർക്കാരിന്റെതും ആകുന്നതെങ്ങനെ? അധ്യാപകരും രക്ഷിതാക്കളും അധ്യാപക-രക്ഷാകർതൃ സമിതികളും അടക്കം വിദ്യാലയങ്ങളുമായി ബന്ധപ്പെട്ടവർ സ്വമേധയാ ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് സ്വാഗതാർഹമാണ്. അതിൽ പ്രഥമപരിഗണന നൽകേണ്ടത് സർക്കാരിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കാനാണ്. അതിനുശേഷം അധ്യാപകരും രക്ഷാകർതൃസമിതികളും ഇത്തരം കാര്യങ്ങളിൽ സ്വയം പണം നൽകുക. എന്നിട്ടാവണം പൊതുസമൂഹത്തിലേക്ക് ഇറങ്ങേണ്ടത്. ഇങ്ങനെ ചെയ്തവർ ഉണ്ടെങ്കിലും പൊതുവിൽ ഏതുകാര്യത്തിനും സമൂഹത്തിന്റെ സഹായം നിർബന്ധപൂർവമോ അല്ലാതെയോ ഉപയോഗിക്കുന്ന പ്രവണത കണ്ടുവരുന്നത് തിരുത്തപ്പെടേണ്ടത് തന്നെയാണ്. കോവിഡ് മൂലം പ്രതിസന്ധി രൂക്ഷമായ കച്ചവടക്കാരെയും സാധാരണക്കാരെയും പ്രവാസികളെയും ഇത്തരം കാര്യങ്ങളിൽ ആദ്യപടിയായി തന്നെ സമീപിക്കുന്നത് ഒരിക്കലും അംഗീകരിക്കാവതല്ല. ചില അപക്വമതികൾ ഈ കാര്യങ്ങൾ വിദ്യാർഥികളുടെയും അവരുടെ രക്ഷിതാക്കളുടെയുമെല്ലാം തലയിൽ കെട്ടിവെക്കുന്നതും കാണുന്നുണ്ട്; അത് അനീതിയാണെന്ന് തിരിച്ചറിയാതെപോകരുത്.

## അധ്യാപകരോട്

സ്കൂളുകളിൽ നടത്തിയിരുന്ന ക്ലാസ്സുകൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറി എന്നേയുള്ളൂ; അത് ഓൺലൈൻ വിദ്യാഭ്യാസമല്ല. ക്ലാസ്സിലിരുന്ന് പഠിച്ചുകൊണ്ടിരുന്ന കുട്ടികൾ ഓൺലൈനിൽ വരുമ്പോൾ ഉണ്ടാകുന്ന ചില പ്രായോഗിക പ്രയാസങ്ങളുണ്ട്. അത് അധ്യാപകസമൂഹവും രക്ഷിതാക്കളും വിദ്യാർഥികളും അനുഭവിക്കുന്നുണ്ട്. ഓൺലൈനിൽ ഏറ്റവും വലിയ പ്രതിസന്ധി അനുഭവിക്കുന്നവർ മാതാക്കളാണ്. കുട്ടികളുടെ പഠനവും വീട്ടുജോലിയും മറ്റു ഉത്തരവാദിത്തങ്ങളു



മെല്ലാം മാതാക്കളെ വലിയ മാനസിക സമ്മർദങ്ങളിലേക്ക് നയിക്കുന്നു എന്ന് തിരിച്ചറിയാതെ പോകരുത്.

കുട്ടികൾ നാലും അഞ്ചും മണിക്കൂറുകൾ ഓൺലൈനിലാണ്. അതിനുപുറമെ ഒരുപാട് ഹോം വർക്കുകളും. വിശ്രമവും വിനോദവും അന്യമായ ദിനങ്ങളാണ് കോവിഡ്കാല വിദ്യാഭ്യാസം നൽകുന്നതെന്ന് കുട്ടികൾ സാക്ഷ്യപ്പെടുത്തുന്നു. അവരുടെ ശാരീരിക, മാനസിക വളർച്ചയെ ഇത്തരം നടപടികൾ ഗുരുതരമായി ബാധിക്കും. രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യത്തിന് വിശ്രമവും വിനോദവും വേണം. നേട്ടങ്ങൾ എന്നത് ഒരു തലമുറയുടെ മാനസിക, ശാരീരിക ആരോഗ്യത്തെ ഹനിച്ചുകൊണ്ടും സാമ്പത്തിക ഞെരുക്കമുണ്ടാക്കിയും നേടിയെടുക്കുന്ന ഒന്നാവരുത്.

പോർഷൻ തീർക്കാതിരുന്നാൽ അധ്യാപകർക്കാകും കുറ്റം എന്നത് ശരിയാണ്. എന്നാൽ പോർഷൻ തീർക്കുക എന്നത് മാത്രമാകരുത് അധ്യാപകരുടെ ലക്ഷ്യം. അധ്യാപനം ഓൺലൈനായിട്ടാണെങ്കിലും അധ്യാപകരുടെ അധ്വാനത്തിന് കുറവൊന്നുമില്ല എന്നതാണ് വസ്തുത. വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും മനസ്സറിഞ്ഞു പ്രവർത്തിക്കാനും അവരുടെ ജീവിതത്തിൽ സ്വാധീനം ചെലുത്താനുതകുന്ന സോഷ്യൽ എഞ്ചിനീയറായി മാറാനും അധ്യാപക സമൂഹത്തിന് സാധിക്കേണ്ടതുണ്ട്.

ഡിജിറ്റൽ പഠന സൗകര്യം ഉണ്ടെങ്കിലും അതിന് ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള തുക കണ്ടെത്താൻ പ്രയാസപ്പെടുന്ന പാവങ്ങളുണ്ട്. പല സ്കൂളുകളിലെയും അധ്യാപകരും രക്ഷാകർതൃസമിതിയും പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനായി മൊബൈൽ ഫോണും മറ്റു സൗകര്യങ്ങളും നൽകുന്നതിന്റെ വാർത്തകൾ സാമൂഹ്യമാധ്യമങ്ങളിൽ കാണാറുണ്ട്. ഇത് പ്രശംസനീയമായ പ്രവർത്തനം തന്നെയാണ്.

> **ഡിജിറ്റൽ പഠന സൗകര്യം ഉണ്ടെങ്കിലും അതിന് ഇന്റർനെറ്റ് ലഭ്യമാക്കാൻ പാവങ്ങൾ വലിയൊരു തുക ചെലവഴിക്കേണ്ട അവസ്ഥയാണുള്ളത്. രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യത്തിന് വിശ്രമവും വിനോദവും വേണം. നേട്ടങ്ങൾ എന്നത് ഒരു തലമുറയുടെ മാനസിക, ശാരീരിക ആരോഗ്യത്തെ ഹനിച്ചുകൊണ്ടും സാമ്പത്തിക ഞെരുക്കമുണ്ടാക്കിയും നേടിയെടുക്കുന്ന ഒന്നാവരുത്. പ്രായോഗികതയും മാനവിക മൂല്യങ്ങളും നമ്മെ നയിക്കണം. നിരവധി കാര്യങ്ങൾ ചെയ്യുക എന്നതിനപ്പുറം വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും മനസ്സറിഞ്ഞു പ്രവർത്തിക്കാനും അവരുടെ ജീവിതത്തിൽ സ്വാധീനം ചെലുത്താനുതകുന്ന സോഷ്യൽ എഞ്ചിനീയറായി മാറാനും അധ്യാപക സമൂഹത്തിന് സാധിക്കേണ്ടതുണ്ട്.**

### കോവിഡും സർക്കാർ ഉദ്യോഗസ്ഥരും

കോവിഡ് കാലത്ത് സർക്കാർ ജീവനക്കാർക്ക് ബോണസ് പ്രഖ്യാപിച്ചത് വിവാദമാകാനുള്ള പശ്ചാത്തലവും ഇതൊക്കെത്തന്നെയാണ്. കേരളത്തിന്റെ ജനസംഖ്യയുടെ മൂന്ന് ശതമാനം മാത്രമുള്ള സർക്കാർ ജീവനക്കാർക്ക് വേണ്ടിയാണ് സർക്കാരിന്റെ വരുമാനത്തിന്റെ മുപ്പത് ശതമാനവും ചെലവഴിക്കുന്നത്! എന്നിട്ടും ഈ മഹാമാരിക്കാലത്ത് ഏതാനും ദിവസത്തെ ശമ്പളം പിടിക്കാനുള്ള സർക്കാർ തീരുമാനത്തിനെതിരെ ശക്തമായി പ്രതികരിച്ചവരാണ് സംഘടിത സർക്കാർ ഉദ്യോഗസ്ഥർ. പൊതുസമൂഹം എന്ന, സർക്കാർ ജോലിയില്ലാത്ത, അസംഘടിതവും അരക്ഷിതവുമായ വിഭാഗത്തിന് ഈ പ്രതിസന്ധി കാലത്ത് എന്ത് സഹായം കിട്ടി, കൂലിത്തൊഴിലാളികൾ, ഓട്ടോ ടാക്സി, വഴിയോരക്കച്ചവടക്കാർ തുടങ്ങിയ പാർശ്വവൽകരിക്കപ്പെട്ട, കോവിഡ് ജീവിതം വഴിമുട്ടിച്ച പാവങ്ങൾ എങ്ങനെ ജീവിക്കുന്നു എന്നൊക്കെ ഇക്കൂട്ടർ ചിന്തിച്ചിട്ടുണ്ടോ? നന്മയുള്ള സർക്കാർ ജീവനക്കാരെ മറന്നുകൊണ്ടല്ല; മറിച്ച് പ്രതിസന്ധിയിൽ സ്വാർഥന്മാരായി മാറിയവരെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്.

### അവകാശബോധവും പൗരന്മാരും

ഈയിടെ ഭരണഭാഷ വകുപ്പ് ഒറ്റപ്പാലം സബ്കലക്ടർക്ക് നൽകിയ കത്തിൽ പറയുന്ന വിഷയം ശ്രദ്ധേയമാണ്. പൊതുജനങ്ങളുമായി ആശയവിനിമയം നടത്തുമ്പോൾ കഴിയാവുന്നിടത്തോളം സൗഹൃദ പദങ്ങൾ ഉപയോഗിക്കണം എന്നതാണ് ആ കത്തിന്റെ ഉള്ളടക്കം.

ബോബൻ മാട്ടുമന്ത എന്ന പാലക്കാട്ടുകാരൻ നൽകിയ പരാതിയി


ന്മേൽ ഉണ്ടായ ഈ സർക്കാർ ഇടപെടൽ അഭിനന്ദനീയമാണ്. എന്നാലും ഇപ്പോഴും 'കഴിയാവുന്നിടത്തോളം' എന്നു പറയുന്നത് എന്തിനെന്ന് വ്യക്തമല്ല. ബിസിനസ്സ് തിയറികളിലെ അടിസ്ഥാന പാഠം 'കസ്റ്റമർ ഈസ് ദ കിംഗ്' എന്നതാണ്. ഗുണഭോക്താവ് തന്നെയാണ് ഏതൊരു ഇടപാടുകളിലും പ്രധാനി. ഗുണഭോക്താവ് (കസ്റ്റമർ) ഇല്ലെങ്കിൽ സേവനദാതാക്കൾ, ഉദ്പാദകർ, വിതരണക്കാർ എന്നിവർക്ക് എന്ത് സ്ഥാനം? ആവശ്യക്കാർ ഉണ്ടെങ്കിലല്ലേ സാധനങ്ങൾ വിൽക്കാൻ സാധിക്കുകയുള്ളൂ? ആ തത്ത്വം തിരിച്ചറിയുന്നു എന്നതിനാലാണ് സ്വകാര്യമേഖലയിലുള്ള കസ്റ്റമർ സർവീസ് മികച്ചതാണ് എന്ന് നമുക്ക് തോന്നുന്നത്. തന്റെ ജോലി നിലനിർത്താൻ ഉപഭോക്താവിനെ നന്നായി കൈകാര്യം ചെയ്യണം എന്നത് അവർ തിരിച്ചറിയുന്നു. ഈ തിരിച്ചറിവ് നഷ്ടപ്പെട്ടതാണ് സർക്കാർ ഓഫീസുകളിൽ പൊതുജനം നേരിടുന്ന അവഗണനക്ക് പ്രധാന കാരണം. കര്യങ്ങൾ സാധിക്കാൻ കാലുപിടിക്കേണ്ട അവസ്ഥയും കൈക്കൂലി ഒരു ഉളുപ്പുമില്ലാതെ ചോദിച്ച് വാങ്ങുന്ന സാഹചര്യവുമൊക്കെ ഉണ്ടാകുന്നത് ഇതുകൊണ്ടാണ്.

സർക്കാർ ഉദ്യോഗസ്ഥർ നിർബന്ധമായും പൊതുജനങ്ങളോട് മാന്യമായി പെരുമാറണം എന്നും സൗഹൃദ പദങ്ങൾ മാത്രമെ ഉപയോഗിക്കാവൂ എന്നും കൽപിക്കാനുള്ള ആർജവം സർക്കാരിന് ഉണ്ടാകേണ്ടതുണ്ട്. സ്വാതന്ത്ര്യം ലഭിച്ച് ഏഴര പതിറ്റാണ്ട് പിന്നിട്ടിട്ടും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെയും ജന്മിമാരുടെയും ഭാഷയും നിയമങ്ങളും ഇന്നും നമ്മുടെ നാട് പിന്തുടരുന്നത് അപമാനകരമാണ്.

സർക്കാർ എന്നത് ജനസേവനത്തിനുള്ള സംവിധാനമാണ്. ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കുന്ന ജനങ്ങളുടെ ഭരണകൂടമാണ് ജനാധിപത്യ വ്യവസ്ഥയിലെ ഭരണസംവിധാനം. ജനങ്ങളെ മറക്കുന്ന ഭരണകൂടങ്ങൾ, വ്യവസ്ഥിതിയെ മാറ്റുന്ന പ്രവണതകൾ എന്നിവ ഏകാധിപത്യത്തിലേക്കുള്ള ചവിട്ടുപടിയാണ്. അതിനെ വൈകാതെ തിരുത്താൻ ഇടപെടുക എന്നത് പൗരന്റെ ബാധ്യതയുമാണ്. പ്രതികരിക്കാതെ വിനീത വിധേയനായി നിലകൊള്ളുന്നത് ജനാധിപത്യവ്യവസ്ഥയെ ദുർബലപ്പെടുത്തുകയും ഭരണകൂട ഭീകരതയ്ക്ക് കാരണമാവുകയും ചെയ്യും. അവകാശനിഷേധങ്ങളെ ചോദ്യംചെയ്യാനും അവകാശങ്ങൾ നേടിയെടുക്കാനും പക്വവും ജനാധിപത്യപരവുമായ ഇടപെടലുകളാണ് ഉണ്ടാവേണ്ടത്. അതിൽ പ്രധാനം ബോധവൽക്കരണം തന്നെയാണ്. ഉത്തരവാദിത്തബോധം ഇല്ലാത്ത സർക്കാർ സംവിധാനങ്ങളെ നിരന്തരം ബോധവൽക്കരിച്ചുകൊണ്ടേയിരിക്കണം. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും എന്ന വ്യത്യാസമന്യെ എല്ലാവരും ഈ കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്തബോധത്തോടെ ഇടപെടണം.

ഈയിടെ നിയമസഭയിൽ സ്പീക്കർ എം.ബി രാജേഷ് നടത്തിയ ഇടപെടൽ അഭിനന്ദനാർഹമാണ്. മാസ്ക് ധരിക്കാത്ത ജനപ്രതിനിധികളെ ഭരണ-പ്രതിപക്ഷ വ്യത്യാസമന്യെ ശാസിച്ചതും, പൊതുജനം ഈ ദൃശ്യങ്ങൾ തത്സമയം കാണുന്നുണ്ടായിരുന്നു എന്നതും, ഇത്തരം വീഴ്ചകൾ തെറ്റായ സന്ദേശം നൽകാൻ കാരണമാകുമെന്നുമുള്ള ഓർമപ്പെടുത്തലും നന്നായി. ഈ ഓർമപ്പെടുത്തൽ എല്ലാ തലങ്ങളിലും നടപ്പാക്കിയാൽ പൊതുജനം നേരിടുന്ന ഒരുപാട് പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാവും.

സർക്കാർ നിരന്തരം സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാകേണ്ടതുണ്ട്. അതിന് വലിയ സാധ്യ



തകൾ നിലനിൽക്കുന്ന ലോകത്താണ് നാം ജീവിക്കുന്നത്. സാമൂഹ്യമാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ഈ വിഷയത്തിൽ വളരെ വലുതാണ്. സൈബർ കുറ്റകൃത്യങ്ങൾ തടയാൻ എന്ന പേരിൽ പൗരസ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്ന നിയമനിർമാണത്തിന് സർക്കാർ മുതിർന്നപ്പോൾ അതിനെ ചെറുത്തു തോൽപിക്കാനും ആ ഓർഡിനൻസ് പിൻവലിപ്പിക്കാനും സർക്കാരിനുമേൽ സമ്മർദം ചെലുത്തി വിജയം കണ്ടത് പോസിറ്റീവായ സോഷ്യൽ ഓഡിറ്റിംഗിന്റെ വിജയമാണ്. അത് തുടർന്നുകൊണ്ടേയിരിക്കണം.

സർക്കാരിനോടോ ജനപ്രതിനിധികളോടോ ഏതെങ്കിലും ഉദ്യോഗസ്ഥരോടോ ഉള്ള അന്ധമായ വിരോധം തീർക്കാനുള്ള നീക്കങ്ങൾ സോഷ്യൽ ഓഡിറ്റിംഗിന്റെ മറവിൽ അനുവദിക്കാവതല്ല. രാജ്യത്തിന്റെ ചരിത്രത്തിൽ വിപ്ലവം സൃഷ്ടിച്ച വിവരാവകാശ നിയമം ഈ സോഷ്യൽ ഓഡിറ്റിംഗ് രംഗത്ത് പൗരന്മാർക്ക് വലിയ സാധ്യത നൽകുന്നുണ്ട്. വസ്തുതകൾ മറച്ചുവെക്കാനും തെറ്റിദ്ധരിപ്പിക്കാനുമുള്ള ശ്രമങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കാൻ വിവരാവകാശ നിയമം സഹായകമായിട്ടുണ്ട്.

ഡോക്ടർമാർക്കുനേരെയുണ്ടായ അക്രമങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്ന് നിയമസഭയിൽ ആരോഗ്യമന്ത്രി ഉത്തരം നൽകിയത് വലിയ വിവാദമാവുകയും അത് തിരുത്തേണ്ടി വരികയും ചെയ്തത് നമ്മൾ കണ്ടതാണ്. പലപ്പോഴും നിയമസഭയിൽ 'വിവരങ്ങൾ ശേഖരിച്ചുവരുന്നു,' 'ശ്രദ്ധയിൽ പെട്ടിട്ടില്ല' തുടങ്ങിയ മറുപടികൾ നൽകി സർക്കാരും ഉദ്യോഗസ്ഥരും ജനങ്ങളെ വഞ്ചിക്കുമ്പോൾ വിവരാവകാശ രേഖകൾ ഇത്തരം അനാരോഗ്യ പ്രവണതകൾക്ക് തടയിടാൻ പൗരന്മാർക്കുള്ള തുറുപ്പുചീട്ടാണ്. സുതാര്യവും സദുദ്ദേശപരവുമായ ഇടപെടലുകൾ എന്നും ഫലപ്രാപ്തിയിലെത്തിയിട്ടുണ്ട് എന്ന് സാരം.

രണ്ടാമത്തെ വിഭാഗം പൊതുജനങ്ങളാണ്, നാട്ടിലെ പൗരന്മാർ. തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അവരെ നിരന്തരം ബോധ്യപ്പെടുത്തുകയും അവ നേടിയെടുക്കാനുള്ള മാർഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും വേണം. പലപ്പോഴും ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നതും നഷ്ടപ്പെടുന്നതും അതിനെക്കുറിച്ചുള്ള അറിവില്ലായ്മ നിമിത്തമാണ്. സർക്കാരുദ്യോഗസ്ഥരെയും ജനപ്രതിനിനിധികളെയും ജനങ്ങൾ സഹിക്കേണ്ടതുണ്ടെന്ന പൊതുബോധം നിലനിൽക്കുന്നുണ്ട്. ഞങ്ങൾക്ക് എന്തുമാവാം, നിങ്ങൾ സഹിച്ചോളൂ എന്നുള്ള ഈ പൊതുബോധം മാറ്റിയേ മതിയാവൂ. ജനങ്ങളെ സേവിക്കലാണ് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നിർവഹിക്കേണ്ട ഉത്തരവാദിത്തം എന്നും അതിൽ വീഴ്ച വരുത്തുന്നത് സമൂഹം ചോദ്യം ചെയ്യും

> **ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമെല്ലാം ജനങ്ങളെ സേവിക്കേണ്ടവരാണ്. അവർ ഉത്തരവാദിത്ത ബോധമുള്ളവരാവാൻ വേണ്ടി പൊതുസമൂഹം സദാ ജാഗ്രത കാണിക്കണം. അനർഹമായ പരിഗണനയും ഭയവും അമിതമായ ബഹുമാനവും ആരെയും നശിപ്പിച്ചേക്കാം. അതുകൊണ്ട് അർഹിക്കുന്ന പരിഗണനയും ബഹുമാനവും നൽകുന്നതോടൊപ്പം ഉത്തരവാദിത്തബോധത്തെ സദാ ഓർമിപ്പിച്ചുകൊണ്ടിരിക്കുക. നന്മയുള്ള സർക്കാർ ഉദ്യോഗസ്ഥരും പോലീസുകാരും ജനപ്രതിനിധികളും ധാരാളമുണ്ട്. ഇനിയും അത്തരക്കാരുണ്ടാവണം.**

എന്നുമുള്ള ബോധ്യം വന്നാൽ ഏത് വലിയവനും ജാഗ്രതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യും. നിരവധി ഉദാഹരണങ്ങൾ ഈ രംഗത്ത് നമുക്ക് കാണാൻ സാധിക്കും. ജനങ്ങൾ ബോധവാന്മാരായാൽ നമ്മുടെ സംവിധാനങ്ങൾ ശരിയാംവണ്ണം പ്രവർത്തിക്കും.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമെല്ലാം ജനങ്ങളെ സേവിക്കേണ്ടവരാണ്. അവർ ഉത്തരവാദിത്ത ബോധമുള്ളവരാവാൻ വേണ്ടി പൊതുസമൂഹം സദാ ജാഗ്രത കാണിക്കണം. അനർഹമായ പരിഗണനയും ഭയവും അമിതമായ ബഹുമാനവും ആരെയും നശിപ്പിച്ചേക്കാം. അതുകൊണ്ട് അർഹിക്കുന്ന പരിഗണനയും ബഹുമാനവും നൽകുന്നതോടൊപ്പം ഉത്തരവാദിത്ത ബോധത്തെ സദാ ഓർമിപ്പിച്ചുകൊണ്ടിരിക്കുക. നന്മയുള്ള സർക്കാർ ഉദ്യോഗസ്ഥരും പോലീസുകാരും ജനപ്രതിനിധികളും ധാരാളമുണ്ട്. ഇനിയും അത്തരക്കാരുണ്ടാവണം. ജനങ്ങളെ സേവിക്കുന്ന, ഉത്തരവാദിത്തബോധമുള്ള ഭരണകൂടത്തിന് മാത്രമെ മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് പാവങ്ങൾക്ക് കൈത്താങ്ങാവാൻ സാധിക്കുകയുള്ളൂ.

ഡോ. ടി. കെ യൂസുഫ്
mail@nerpatham.com

ലേഖനം



# രോഗ പ്രതിരോധം: ഇസ്‌ലാമിക മാർഗനിർദേശങ്ങൾ

നമ്മുടെ നഗ്നനേത്രങ്ങൾക്ക് കാണാൻ കഴിയാത്ത സഹസ്രകോടി സൂക്ഷ്മാണുക്കളുടെ പാരാവാരത്തിലാണ് നാം ജീവിക്കുന്നത്. നമുക്ക് ചുറ്റുമുള്ള വായുവിലും വെള്ളത്തിലും മണ്ണിലും, എന്തിന് നമ്മുടെ ശരീരത്തിൽ പോലും ട്രില്യൺ കണക്കിന് സൂക്ഷ്മാണുക്കൾ ജീവിക്കുന്നുണ്ട്. കണ്ണിലും മൂക്കിലും വായിലും വയറ്റിലും ത്വക്കിലും മറ്റു അവയവങ്ങളിലുമായി ശരീരകോശത്തിന്റെ മൂന്നിരട്ടിയോളം വരുന്ന സൂക്ഷ്മാണുക്കളാണ് നമ്മുടെ കൂടെയുള്ളത്. ഇവയിൽ ചിലത് അപകടകാരികളാണെങ്കിലും അധികവുംനമുക്ക് വേണ്ടപ്പെട്ടവയാണ്. രോഗാണുക്കളിൽ ഏറ്റവും വലിയ വില്ലനായ ഇത്തിരിക്കുഞ്ഞൻ വൈറസിന് കേവലം മുപ്പത് നാനോമീറ്റർ വലിപ്പമാണുള്ളത്. ആയിരം നാ

നോമീറ്റർ വലിപ്പമുള്ള ബാക്ടീരിയകൾ, വ്യത്യസ്ത രൂപത്തിലുള്ള ഫംഗസുകൾ, പാരാസൈറ്റുകൾ തുടങ്ങി നമ്മുടെ നഗ്നനേത്രങ്ങൾക്ക് ദർശിക്കാനാവാത്ത ഒരു സൂക്ഷ്മജീവിലോകംതന്നെ നമ്മുടെ ശരീരത്തിലുണ്ട്.

മനുഷ്യശരീരം കീടാണുക്കളുടെ വിളനിലമാണെങ്കിലും ചില അവയവങ്ങളിൽ ഇവയുടെ സാന്നിധ്യം അധികമായിരിക്കും. മൂക്ക്, വായ, തൊണ്ട, ആമാശയം, ത്വക്ക് എന്നിവിടങ്ങളിലാണ് കൂടുതൽ ബാക്ടീരിയകൾ കാണപ്പെടുന്നത്. ഇവയുമായി ഒരു സന്തുലിത താളപ്പൊരുത്തത്തിലും സൗഹൃദത്തിലുമാണ് നാം ജീവിക്കുന്നത്. എന്നാൽ ചിലപ്പോൾ ഇവ പരിധിയിലധികമായി പെറ്റുപെരുകും, അല്ലെങ്കിൽ രോഗഹേതുക്കളായ അപരിചിത സൂക്ഷ്മാണുക്കൾ ആക്രമണം നടത്തും. അപ്പോഴാണ് നമ്മുടെ പ്രതിരോധ സംവിധാനത്തിൽ താളപ്പിഴ സംഭവിച്ച് നാം രോഗികളായിത്തീരുന്നത്. ട്രില്യൻ കണക്കിന് സൂക്ഷ്മാണുക്കളുടെ കൂടെ ആരോഗ്യത്തോടെ ജീവിക്കുന്ന മനുഷ്യന് ആയിരക്കണക്കിന് വൈറസുകൾ എന്തുകൊണ്ട് ഭീഷണിയായിത്തീരുന്നുവെന്നതിന് ശാസ്ത്രത്തിന് തൃപ്തികരമായ വ്യാഖ്യാനമൊന്നുമില്ല. 'പ്രതിരോധം ദുർബലമാകുമ്പോൾ' എന്ന ഒരു വിശദീകരണം മാത്രമാണുള്ളത്. രോഗാണുക്കളെ നേരിടാനുള്ള പ്രതിരോധസംവിധാനം ദൈവംതന്നെ ശരീരത്തിൽ സന്നിവേശിപ്പിച്ചിട്ടുണ്ട്. പക്ഷേ, ചിലസമയത്ത് ഇവ ആർജിത പ്രതിരോധത്തെ അതിജയിക്കാറുണ്ട്. അതുകൊണ്ട്തന്നെ അപകടകാരികളായ അണുക്കൾ ശരീരത്തിൽ കയറാതെ സൂക്ഷിക്കുന്നതാണ് ഏറ്റവും പ്രധാനമായ രക്ഷാമാർഗം.

സൂക്ഷ്മാണുക്കൾ പ്രകൃതിയിൽ എല്ലായിടത്തും കാണപ്പെടുന്നുണ്ടെങ്കിലും ചില ജീവികൾ അപകടകരമായ അണുക്കളുടെ ആവാസകേന്ദ്രമായി പരിഗണിക്കപ്പെടുന്നുണ്ട്. മൃഗങ്ങളിൽനിന്നും മനുഷ്യരിലേക്ക് പകരുന്ന രോഗാണുക്കൾ കൂടുതലും കാണപ്പെടുന്നത് മാംസഭോജികളായ വന്യജീവികൾ, പന്നി, പട്ടി, പരുന്ത്, കഴുകൻ, കൊതുക്, ചെള്ള്, എലി തുടങ്ങിയ ജീവികളിലാണ്. ഇവയുടെ മാംസം ഭക്ഷിക്കുന്നത് ഇസ്‌ലാം വിരോധിച്ചിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതിയിൽ മണ്ണിലും വെള്ളത്തിലുമെല്ലാം ധാരാളം സൂക്ഷ്മാണുക്കളുണ്ടെങ്കിലും അവയൊന്നും അപകടകാരികളല്ല. എന്നാൽ മനുഷ്യന്റെയും മൃഗങ്ങളുടെയും വിസർജ്യങ്ങൾകൊണ്ടും മറ്റു ജൈവമാലിന്യങ്ങൾ കൊണ്ടും പരിസ്ഥിതി മലിനമാകുമ്പോൾ മാത്രമാണ് പ്രകൃതി രോഗാണുക്കളുടെ ഉറവിടമായിത്തീരുന്നത്. അങ്ങനെ വായു, വെള്ളം, മണ്ണ്, ജീവികൾ, ഭക്ഷണ പാനീയങ്ങൾ എന്നിവയെല്ലാം രോഗാണുക്കൾ മനുഷ്യശരീരത്തിലെത്തുന്ന മാധ്യമങ്ങളായിത്തീരും.

> **മനുഷ്യശരീരം കീടാണുക്കളുടെ വിളനിലമാണെങ്കിലും ചില അവയവങ്ങളിൽ ഇവയുടെ സാന്നിധ്യം അധികമായിരിക്കും. മൂക്ക്, വായ, തൊണ്ട, ആമാശയം, ത്വക്ക് എന്നിവിടങ്ങളിലാണ് കൂടുതൽ ബാക്ടീരിയകൾ കാണപ്പെടുന്നത്. ഇവയുമായി ഒരു സന്തുലിത താളപ്പൊരുത്തത്തിലും സൗഹൃദത്തിലുമാണ് നാം ജീവിക്കുന്നത്. എന്നാൽ ചിലപ്പോൾ ഇവ പരിധിയിലധികമായി പെറ്റുപെരുകും, അല്ലെങ്കിൽ രോഗഹേതുക്കളായ അപരിചിത സൂക്ഷ്മാണുക്കൾ ആക്രമണം നടത്തും. അപ്പോഴാണ് നമ്മുടെ പ്രതിരോധ സംവിധാനത്തിൽ താളപ്പിഴ സംഭവിച്ച് നാം രോഗികളായിത്തീരുന്നത്.**

### വ്യക്തിശുചിത്വം

മതത്തിന്റെ അടിസ്ഥാനഘടകങ്ങളിൽ ഒന്നായ ശുചിത്വം രോഗപ്രതിരോധരംഗത്ത് നിർണായകമായ പങ്ക് വഹിക്കുന്നുണ്ട്. അംഗശുദ്ധിയിലൂടെയും കുളിയിലൂടെയും ശരീരത്തിലെ എല്ലാവിധ മാലിന്യങ്ങളും നീക്കം ചെയ്ത് ശരീരത്തിലും വസ്ത്രത്തിലും ശുചിത്വം പുലർത്തേണ്ടത് നമസ്‌കാരം പോലുള്ള ആരാധനാകർമങ്ങൾക്ക് അനിവാര്യമാണ്. അഞ്ചുനേരം ഈ ചിട്ട പാലിക്കുന്നതിലൂടെ രോഗാണുക്കളെ ഒരളവോളം ചെറുത്തുനിർത്താൻ സാധിക്കും. 'അല്ലാഹു ശുദ്ധിയുള്ളവരെ ഇഷ്ടപ്പെടുന്നു' എന്ന ക്വുർആൻ വചനവും 'വൃത്തി വിശ്വാസത്തിന്റെ പകുതിയാണ്' എന്ന പ്രവാചക വചനവും ഇവിടെ പ്രസക്തമാണ്.

മാലിന്യശുദ്ധീകരണത്തിന് ഏറ്റവും നല്ലമാർഗം വെള്ളംകൊണ്ട് കഴുകുന്നതാണ്. 'നിങ്ങളെ ശുദ്ധീകരിക്കുന്നതിന് അല്ലാഹു ആകാശത്തുനിന്ന് വെള്ളമിറക്കിത്തന്നു' എന്ന് ക്വുർആൻ (അൻഫാൽ 11) ഒരു അനുഗ്രഹമായി എടുത്ത് പറയുന്നുണ്ട്. പല കാരണങ്ങൾകൊണ്ടും വെള്ളം ശുചീകരണത്തിനുള്ള ഏറ്റവും നല്ല ഒരു മാധ്യമ

മാണ്. 'ആകാശത്തുനിന്ന് ശുദ്ധമായ വെള്ളമിറക്കി, നിങ്ങളെ ശുദ്ധീകരിക്കുന്നതിന്' എന്നും ക്വുർആൻ പല സ്ഥലങ്ങളിൽ പരാമർശിക്കുന്നുണ്ട്.

മനുഷ്യശരീരത്തിൽ ചർമത്തിലാണ് ഏറ്റവും കൂടുതൽ ബാക്ടീരിയകളും ഫംഗസുകളും കാണപ്പെടുന്നത്. ശരീരത്തിലെ ഒരു ചതുരശ്ര സെന്റിമീറ്ററിൽ ഒരു ലക്ഷം സൂക്ഷ്മാണുക്കൾ കാണപ്പെടുന്നുണ്ട്. എന്നാൽ വസ്ത്രധാരണം കൊണ്ട് മറയ്ക്കപ്പെടാത്ത സ്ഥലങ്ങളിൽ ഈ അണുസംഖ്യ പത്ത് മില്യൺ വരെ കാണപ്പെടും. അംഗശുദ്ധിവരുത്തുമ്പോൾ (വുദൂഅ് ചെയ്യുമ്പോൾ) മുഖം, കൈകാലുകൾ തുടങ്ങി ഏറ്റവും കൂടുതൽ അണുസാന്നിധ്യമുള്ള അവയവങ്ങളാണ് കഴുകുന്നത്. അതോടൊപ്പം ശരീരത്തിലേക്ക് രോഗാണുക്കൾ പ്രവേശിക്കുന്ന പ്രധാന മാർഗങ്ങളായ വായും മൂക്കും വൃത്തിയാക്കുന്നതും അംഗശുദ്ധിയുടെ അവിഭാജ്യഘടകമാണ്. വായ രോഗാണുക്കളുടെ കവാടം മാത്രമല്ല അവയുടെ സങ്കേതം കൂടിയാണ്. വായിൽ ഇതരഭാഗങ്ങളെ അപേക്ഷിച്ച് മുന്നൂറിരട്ടി രോഗാണുക്കൾ വസിക്കുന്നുണ്ട്. വായിലെ ഒരു മില്ലി ദ്രവത്തിൽ നൂറ് മില്യൺ രോഗാണുക്കളെങ്കിലുമുണ്ടാകും! വായിൽ കാണപ്പെടുന്ന 60 ശതമാനം ബാക്ടീരിയകളും പരാന്നഭോജികളാണ്; അവ പോഷണം കണ്ടെത്തുന്നത് പല്ലിനിടയിലെ ഭക്ഷ്യ അവശിഷ്ടങ്ങളിൽനിന്നാണ്. ഇവ ഉദ്പാദിക്കുന്ന സ്രവങ്ങളും അമ്ലങ്ങളുമാണ് വായിൽ ദുർഗന്ധമുണ്ടാക്കുന്നത്. ദിവസവും പല പ്രാവശ്യം വായ കഴുകുന്നതാണ് ഇതിനെതിരെയുള്ള പ്രതിവിധി.

അംഗശുദ്ധിയുടെ സമയത്ത് പല്ല് തേക്കുന്നത് നബിചര്യയാണ്. നബിﷺ പറഞ്ഞു: "നിങ്ങൾ പല്ല് തേക്കുക, അത് വായ ശുദ്ധീകരിക്കുന്നതും രക്ഷിതാവിന് ഇഷ്ടപ്പെട്ടതുമാണ്. ജിബ്രീൽ വരുമ്പോഴെല്ലാം എന്നോട് ദന്തശുദ്ധിയെക്കുറിച്ച് ഉപദേശിച്ചു. അത് ഒരു നിർബന്ധകാര്യമാക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു" (ഇബ്നുമാജ).

ദന്തശുദ്ധി ആരോഗ്യസംരക്ഷണരംഗത്ത് വളരെ അനിവാര്യമായ ഒന്നാണ്. ഇതിന്റെ അഭാവത്തിൽ പല്ലുകളിൽ രൂപപ്പെടുന്ന പ്ലാക്ക് അഥവാ കട്ടിയുള്ള ആവരണത്തിൽ ഒരു ഗ്രാമിൽതന്നെ നൂറ് ബില്യൺ കീടാണുക്കളുണ്ടാകും. ഇത്തരം പ്ലാക്കുകൾ പെട്ടെന്ന് രൂപപ്പെടുകയും മോണരോഗങ്ങൾക്കും ദന്തക്ഷയത്തിനും കാരണമായിത്തീരുകയും ചെയ്യും. നിങ്ങൾക്ക് പ്രയാസകരമാകില്ലെങ്കിൽ ഓരോ നമസ്കാരത്തിനും പല്ല് തേക്കാൻ ഞാൻ കൽപിക്കുമായിരുന്നു എന്ന ഹദീഥ് ഇവിടെയാണ് പ്രസക്തമാകുന്നത്. ദന്തശുദ്ധീകരണത്തെ പ്രോത്സാഹിപ്പിച്ച വേറെയും വചനങ്ങൾ ഹദീഥുകളിൽ കാണാൻ കഴിയും. സൂക്ഷ്മാണുക്കളെ നശിപ്പിക്കാൻ കഴിവുള്ള ധാരാളം രാസപദാർഥങ്ങൾ അടങ്ങിയ അറാക് മുതലായ മരങ്ങളുടെ ചെറിയ കമ്പുകളാണ് പരമ്പരാഗതമായി അറബികൾ പല്ല് തേക്കാൻ ഉപയോഗിച്ചുവരുന്നത്.

അംഗശുദ്ധിയുടെ സമയത്ത് മൂക്കിൽ വെള്ളം കയറ്റി ചീറ്റി ശുദ്ധീകരിക്കേണ്ടതുണ്ട്. മൂക്കിനകത്ത് സൂക്ഷ്മാണുക്കളുടെ കോളനികൾതന്നെ കാണപ്പെടുന്നുണ്ട്. എന്നാൽ ശരിയായരീതിയിൽ വുദൂഅ് എടുക്കുന്നവരിൽ (സാധ്യമായ രൂപത്തിൽ വെള്ളം കയറ്റി ചീറ്റുന്നതുകൊണ്ട്) ഇവ അധികം കാണപ്പെടുന്നില്ല. അതുപോലെ അംഗശുദ്ധിയിലൂടെ മുഖത്തും കൈകളിലും പാദങ്ങളിലുമുള്ള കീടാണുക്കളെ തുരത്താനാകും. വുദൂഅ് ചെയ്യുന്ന സമയത്ത് കൈകാലുകളുടെ വിരലുകളുടെ വിടവുകളും ചുളിവുകളും അഴുക്ക് നീങ്ങുംവിധം ശുദ്ധീകരിക്കാൻ നിഷ്കർശിച്ചിട്ടുണ്ട്. കൈകളിൽ രോഗാണുക്കളുടെ സാന്നിധ്യം അധികമായതുകൊണ്ടാണ് വുദൂഇന് പുറമെ ഉറക്കമുണർന്ന ഉടനെയും മലമൂത്ര വിസർജനത്തിന് ശേഷവും ഭക്ഷണം കഴിക്കുന്നതിന് മുമ്പും ശേഷവും കൈകൾ വൃത്തിയാക്കാൻ നബിﷺ പ്രത്യേകം കൽപിച്ചത്.



ശരീരം മുഴുവൻ ശുദ്ധീകരിക്കുന്ന കുളിയും ഇസ്‌ലാമിക അധ്യാപനങ്ങളിൽ പ്രധാനപ്പെട്ടതാണ്. ചില സാഹചര്യങ്ങളിൽ അത് നിർബന്ധമാണ്. അത്തരം സന്ദർഭങ്ങളിൽ കുളിക്കാതെ ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്നത് വിലക്കപ്പെട്ടിട്ടുണ്ട്. ഇതിന് പുറമെ ധാരാളം അവസരങ്ങളിൽ കുളിക്കുന്നത് ഐച്ഛികമായി എണ്ണിയിട്ടുണ്ട്. ഒരാഴ്ചയിലധികം കുളിക്കാതിരിക്കാൻ ഒരു വിശ്വാസിക്ക് സാധ്യമല്ല. കാരണം നബിﷺ പറഞ്ഞു: "തലയും ശരീരവും കഴുകുന്ന രൂപത്തിൽ കുളിക്കുന്നത് ഏഴ് ദിവസത്തിലൊരിക്കൽ ഒരു മുസ്‌ലിമിന് നിർബന്ധമാണ്'' (മുസ്‌ലിം).

നന്നായി കുളിക്കുന്നതിലൂടെ ശരീരത്തിലെ തൊണ്ണൂറ് ശതമാനം സൂക്ഷ്മാണുക്കളെയും നിർമാർജനം ചെയ്യാനാകും. മുസ്‌ലിംകൾ കുളിക്കുന്നത് വിശ്വാസത്തിന്റെ ഭാഗമായി കാണുന്നവരാണ്. മുൻകാലഘട്ടങ്ങളിൽ പാശ്ചാത്യരടക്കമുള്ള പല സമുദായങ്ങളിലും കുളി ഒരു അപൂർവ സംഭവമായിരുന്നു!

വ്യക്തിശുചിത്വത്തിന്റെ അടിസ്ഥാനതത്ത്വങ്ങളായ കുളി, ദന്തശുദ്ധി, നഖം മുറിക്കുക, ശൗച്യം ചെയ്യുക, മീശരോമം വെട്ടുക, കക്ഷ-ഗുഹ്യ രോമങ്ങൾ നീക്കംചെയ്യുക തുടങ്ങിയ പത്തോളം കാര്യങ്ങൾ തിരുവചനങ്ങളിൽ കൽപിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാമിലല്ലാതെ മറ്റൊരു മതത്തിലും ഇത്തരം സൂക്ഷ്മമായ ശുചിത്വ നിർദേശങ്ങൾ കാണാൻ സാധ്യമല്ല. ഇസ്‌ലാമിലെ ഇത്തരം ശുചിത്വനിയമങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്താൽ രോഗപ്രതിരോധത്തിന് അവ വളരെ സഹായകമാണെന്ന് കാണാം. ഉദാഹരണമായി, വിസർജനത്തിന് ശേഷം വെള്ളംകൊണ്ട് ശൗച്യം ചെയ്യാനാണ് ഇസ്‌ലാം കൽപിക്കുന്നത്. അത് ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ മാത്രമെ മറ്റു മാർഗങ്ങൾ സ്വീകരിക്കാൻ പറ്റുകയുള്ളൂ. വെള്ളം അല്ലാതെ ശൗച്യം ചെയ്യാനുപയോഗിക്കുന്ന മറ്റ് വസ്തുക്കളിലൊന്ന് ടോയ്‌ലറ്റ് പേപ്പറുകളാണ്. എന്നാൽ അത്തരം കടലാസുകൾകൊണ്ട് മാലിന്യം പൂർണമായും തുടച്ചുനീക്കാൻ സാധ്യമല്ല. ടിഷ്യൂ പേപ്പറിന്റെ ഏഴ് അടുക്കുകളെ ഭേദിച്ച് കയ്യിലെത്താൻ മലത്തിലെ അണുക്കൾക്ക് കഴിയും. പ്രത്യേകിച്ച് രോഗങ്ങളൊന്നുമില്ലാത്തവരുടെ വിസർജ്യത്തിൽ പോലും ദശലക്ഷക്കണക്കിന് സൂക്ഷ്മാണുക്കൾ അടങ്ങിയിട്ടുണ്ടാകും. രോഗികളുടെ വിസർജ്യത്തിൽ കാണപ്പെടുന്ന രോഗാണുക്കളുടെ കാര്യം പറയേണ്ടതില്ലല്ലോ. നഖം വെട്ടാനുള്ള നിർദേശവും നിസ്സാരമായി കാണാനാവില്ല. കാരണം ഓരോ നഖത്തിന് ചുവട്ടിലും എണ്ണമറ്റ രോഗാണുക്കൾ കാണപ്പെടുന്നുണ്ട്. പ്രവാചകചര്യയിൽ പെട്ട മറ്റു നിർദേശങ്ങളും രോഗപ്രതിരോധ രംഗത്ത് നിർണായകമായ പങ്ക് വഹിക്കുന്നവയാണ്.

> **വായ രോഗാണുക്കളുടെ കവാടം മാത്രമല്ല അവയുടെ സങ്കേതം കൂടിയാണ്. വായിൽ ഇതരഭാഗങ്ങളെ അപേക്ഷിച്ച് മുന്നൂറിരട്ടി രോഗാണുക്കൾ വസിക്കുന്നുണ്ട്. വായിലെ ഒരു മില്ലി ദ്രവത്തിൽ നൂറ് മില്യൺ രോഗാണുക്കളെങ്കിലുമുണ്ടാകും! വായിൽ കാണപ്പെടുന്ന 60 ശതമാനം ബാക്ടീരിയകളും പരാന്നഭോജികളാണ്; അവ പോഷണം കണ്ടെത്തുന്നത് പല്ലിനിടയിലെ ഭക്ഷ്യ അവശിഷ്ടങ്ങളിൽനിന്നാണ്. ഇവ ഉദ്പാദിക്കുന്ന സ്രവങ്ങളും അമ്ലങ്ങളുമാണ് വായിൽ ദുർഗന്ധമുണ്ടാക്കുന്നത്. ദിവസവും പല പ്രാവശ്യം വായ കഴുകുന്നതാണ് ഇതിനെതിരെയുള്ള പ്രതിവിധി.**

ചേലാകർമം ചെയ്യാത്തവരിൽ മൂത്രാശയ രോഗങ്ങൾ അധികമായി കാണപ്പെടുന്നുണ്ട്. തന്നെയുമല്ല ഇത്തരം ആളുകളുമായി ബന്ധപ്പെടുന്ന സ്ത്രീകളിലും ഗർഭാശയകാൻസറിന്റെ തോതും അധികമായി കാണപ്പെടുന്നുണ്ട്. മലമൂത്ര വിസർജനത്തിന് ശേഷമുള്ള ശുചീകരണത്തിന് ഇസ്‌ലാം വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. മൂത്രമൊഴിച്ചതിന് ശേഷം ശുദ്ധിയാക്കാൻ പലരും വിമുഖത കാണിക്കാറുണ്ട്. എന്നാൽ പ്രവാചകൻﷺ ഇക്കാര്യവും കണിശമായി കൽപിച്ചതായി കാണാം. ഈ രംഗത്ത് അലംഭാവം കാണിക്കുന്നത് മരണശേഷം ക്വബ്ർ ശിക്ഷക്ക് പോലും കാരണമായിത്തീരുമെന്നാണ് ഹദീഥുകൾ വ്യക്തമാക്കുന്നുണ്ട്.

സ്വന്തം ശരീരം വൃത്തിയായി സൂക്ഷിക്കുന്നതോടൊപ്പംതന്നെ ശരീരത്തിൽനിന്ന് മറ്റുള്ളവരിലേക്ക് രോഗം പകരാൻ സാധ്യതയുള്ള എല്ലാ മാർഗങ്ങളും ഇസ്‌ലാം അടക്കുന്നുണ്ട്. ഉദാഹരണമായി, ഭക്ഷണപാനീയങ്ങൾ കഴിക്കുന്ന പാത്രത്തിലേക്ക് ഊതുന്നതും അതിലേക്ക് നിശ്വസിക്കുന്നതും പ്രവാചകൻ വിലക്കിയിട്ടുണ്ട്. (അബൂദാവൂദ്). പാനീയത്തിൽ ഊതുന്നത് വി

ലക്കിയപ്പോൾ ഒരാൾ ചോദിച്ചു: 'ഞാൻ പാത്രത്തിൽ കരട് കാണുന്നുണ്ടെങ്കിലോ?' തിരുമേനി പറഞ്ഞു: 'നീ അതിനെ അതിൽനിന്നും തൂവിക്കളയുക.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'എനിക്ക് ഒറ്റശ്വാസത്തിൽ കുടിക്കാൻ സാധ്യമല്ല.' നബിﷺ പറഞ്ഞു: 'എങ്കിൽ പാത്രം നിന്റെ വായിൽനിന്നും അകറ്റുക' (തിർമുദി).

തുമ്മുന്ന അവസരങ്ങളിൽ തിരുമേനിﷺ കൈകൾകൊണ്ടും വസ്ത്രംകൊണ്ടും മുഖം പൊത്തിയിരുന്നു (തിർമുദി). കോട്ടുവായിടുമ്പോഴും വായ് പൊത്തിപ്പിടിക്കാൻ ആജ്ഞാപിച്ചിട്ടുണ്ട്. നബിﷺ പറഞ്ഞു: 'നിങ്ങൾ ആരെങ്കിലും കോട്ടുവായ് ഇടുകയാണെങ്കിൽ അവന്റെ കൈകൊണ്ട് വായ് പൊത്തിപ്പിടിക്കട്ടെ' (മുസ്‌ലിം).

### പരിസര ശുചിത്വം

നബിﷺ പറഞ്ഞു: 'നിശ്ചയം, അല്ലാഹു വൃത്തിയുള്ളവനാണ്; അവൻ വൃത്തി ഇഷ്ടപ്പെടുന്നു. അവൻ ശുദ്ധിയുള്ളവനാണ്; അവൻ ശുദ്ധി ഇഷ്ടപ്പെടുന്നു. അവൻ മാന്യനാണ്; മാന്യത ഇഷ്ടപ്പെടുന്നു. അവൻ ഔദാര്യവാനാണ്; ഔദാര്യം ഇഷ്ടപ്പെടുന്നു. നിങ്ങൾ നിങ്ങളുടെ മുറ്റങ്ങൾ വൃത്തിയാക്കുക, ജൂതരോട് സാദൃശ്യം പുലർത്താതിരിക്കുക' (തിർമുദി).

വഴിയിൽനിന്ന് ഉപദ്രവം നീക്കുന്നത് പുണ്യമാണെന്ന് പഠിപ്പിച്ച പ്രവാചകൻﷺ പള്ളി പോലുള്ള പൊതുസ്ഥലങ്ങളിൽ തുപ്പുന്നത് തെറ്റാണെന്നും അരുളിയിട്ടുണ്ട്. വഴിയിലും തണലുകളിലും വിസർജിക്കുന്നത് ശപിക്കപ്പെട്ട കാര്യമായിട്ടാണ് ഹദീഥുകൾ പഠിപ്പിക്കുന്നത്. വഴിയിൽ വിസർജിക്കുന്നത് ഉപദ്രവകരമാണെന്നതിൽ സംശയമില്ല. എന്നാൽ തണലുകളിൽ വിസർജിക്കുന്നത് വിലക്കിയത് അവിടെ വിശ്രമിക്കുന്നവർക്ക് പ്രയാസകരമാകാതിരിക്കാനോ അല്ലെങ്കിൽ സൂര്യപ്രകാശത്തിന്റെ അഭാവത്തിൽ രോഗാണുക്കൾ പെറ്റുപെരുകാതിരിക്കാനോ ആയിരിക്കാം. മൈക്രോസ്‌ക്കോപ്പും മൈക്രോബയോളജിയും അജ്ഞാതമായ ഒരു കാലഘട്ടത്തിൽ ഭക്ഷണം കഴിക്കുന്നതിനും ഹസ്തദാനം ചെയ്യുന്നതിനും വലതുകൈ ഉപയോഗിക്കണമെന്നും ശൗചം ചെയ്യാൻ ഇടതുകൈ ഉപയോഗിക്കണമെന്നും നിർദേശിച്ച തിരുവചനങ്ങൾ എത്രമാത്രം ശാസ്ത്രീയമാണ്!



'അല്ലാഹുവിന്റെ ദൂതരുടെ വലതുകൈ ശുദ്ധീകരണത്തിനും ഭക്ഷണത്തിനും ആയിരുന്നു. ഇടതുകൈ ശൗചത്തിനും മാലിന്യ നിർമാർജനത്തിനും' (അബൂദാവൂദ്).

ഭക്ഷണപാനീയങ്ങളുള്ള പാത്രങ്ങൾ അടച്ചുവെക്കാനും തോൽപാത്രങ്ങളുടെ മുകൾഭാഗം കെട്ടി ഭദ്രമാക്കാനും പ്രവാചകൻﷺ കൽപിച്ചിട്ടുണ്ട്: "പാത്രങ്ങൾ അടച്ചുവെക്കുക, വെള്ളത്തിന്റെ തോൽപാത്രം കെട്ടിവെക്കുക. വർഷത്തിൽ ഒരു രാത്രി ഒരു മഹാമാരി ഇറങ്ങും. അടച്ചുവെക്കാത്ത പാത്രങ്ങളിലും കെട്ടിവെക്കാത്ത തുകൽപാത്രങ്ങളിലും അത് ഇറങ്ങും" (മുസ്‌ലിം).

രോഗാണുക്കൾ നിറഞ്ഞ അന്തരീക്ഷത്തിൽ ഭക്ഷണ പാനീയങ്ങളുടെ പാത്രങ്ങൾ അടച്ചുവെച്ചില്ലെങ്കിൽ അവ അതിലൂടെ പകരുമെന്നാണ് ഈ വചനം സൂചിപ്പിക്കുന്നത്. അതുപോലെ രാത്രി ഉറക്കമുണർന്നാൽ കൈ കഴുകി വൃത്തിയാക്കാതെ ഒന്നിലും സ്പർശിക്കരുതെന്നും തിരുമേനി കൽപിച്ചിട്ടുണ്ട്. നബിﷺ പറഞ്ഞു: "നിങ്ങൾ ആരെങ്കിലും ഉറക്കമുണർന്നാൽ അവന്റെ കൈ പാത്രത്തിൽ മുക്കരുത്; അത് മൂന്ന് പ്രാവശ്യം കഴുകിയതിന് ശേഷമല്ലാതെ. കാരണം അവന്റെ കൈ രാത്രി എവിടെയായിരുന്നുവെന്ന് അവന് അറിയുകയില്ല."

തോൽപാത്രത്തിന്റെ വായ്ഭാഗത്ത് വായവെച്ച് വെള്ളം കുടിക്കുന്നത് വിരോധിക്കുന്ന ഒരു ഹദീഥ് ബുഖാരിയിൽ കാണാവുന്നതാണ്.

**(അവസാനിച്ചില്ല)**

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 24



# മരണാനന്തരലോകവും മഹത്തുക്കളോടുള്ള സഹായതേട്ടവും

മരണാനന്തരലോകത്ത് നടക്കുന്നതായി പ്രമാണങ്ങൾ പഠിപ്പിച്ച കാര്യങ്ങളെ വളച്ചൊടിച്ചും ദുർബലവും നിർമിതവുമായ വാക്കുകളെ അതുമായി ബന്ധിപ്പിച്ചും വൻപാപമായ ശിർക്കിന് കൊഴുപ്പുകൂട്ടുകയാണ് സമസ്തയിലെ ചില പുരോഹിതന്മാർ.

ഒരു മറയ്ക്ക് പിന്നിലാണ് അന്ത്യനാൾവരെ മരണപ്പെട്ടവർ കഴിയുക. അല്ലാഹു പറയുന്നു: "...അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസംവരെ ഒരു മറയുണ്ടായിരിക്കുന്നതാണ്"(ക്വുർആൻ 23:100).

ആത്മാക്കളുടെ ലോകം അദൃശ്യമാണ്. അവിടെ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് പൂർണമായ അറിവ് അല്ലാഹുവിനല്ലാതെ മറ്റാർക്കുമില്ല. ജൂതന്മാർ നബിﷺയോട് ആത്മാവിനെക്കുറിച്ച് ചോദിച്ചപ്പോൾ അല്ലാഹു നൽകിയ മറുപടി ഇപ്രകാരമാണ്: "നിന്നോടവർ ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക; ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാകുന്നു. അറിവിൽനിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല" (ക്വുർആൻ 17:85).

അമ്പിയാക്കളും ഔലിയാക്കളും മരണാനന്തരം നമ്മെ സഹായിക്കുമെന്നും ആരാധനയാകുന്ന പ്രാർഥനയും സഹായതേട്ടവും ഇടതേട്ടവും അവരോടാകാമെന്നുമാണ് നാളിതുവരെ സമസ്തക്കാർ പിന്തുടർന്നുപോരുന്ന വിശ്വാസം.

നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്ലിയാർ എഴുതിയത് കാണുക: "അമ്പിയാക്കളും ഔലിയാക്കളും അല്ലാഹുവിന്റെ ഇഷ്ടദാസന്മാരാണെന്നും അവർ അല്ലാഹുവിനോട് ദുആ ഇരന്നാലും ശഫാഅത്തു ചെയ്താലും സ്വീകരിക്കാൻ കൂടുതൽ സാധ്യതയുണ്ടെന്നും അവർ മുഖേന ചില അസാധാരണ സംഭവങ്ങൾ അല്ലാഹു പ്രകടിപ്പിക്കാറുണ്ടെന്നും അവരുടെ മരണശേഷവും ഇത് തുടരുമെന്നും അതുമുഖേന നമുക്ക് സഹായം ലഭിക്കുമെന്നും കരുതി സഹായം ചോദിക്കുന്നതിനാണ് സാങ്കേതികാർഥത്തിൽ ഇസ്തിഗാസ എന്നു പറയുന്നത്. ഇങ്ങനെ സഹായം ചോദിക്കൽ അമ്പിയാക്കളുടെയും ഔലിയാക്കളുടെയും ഇഹപര ജീവിതത്തിലോ, ബർസഖിയായ(മരണാനന്തര മധ്യകാലം)ജീവിതത്തിലോ എവിടെയായാലും അത് ഇസ്തിഗാസ തന്നെയാണ്" (തൗഹീദ് ഒരു സമഗ്ര പഠനം/ പേജ് 364,365).

'മഹത്തുക്കൾ ദൈവങ്ങളാണെന്നോ, ദൈവാവതാരങ്ങളാണെന്നോ (ആലിഹത്തുകളാണെന്നോ) വിശ്വസിച്ചുകൊണ്ട് വിളിച്ചപേക്ഷിക്കുമ്പോൾ മാത്രമെ പ്രാർഥനയും ശിർക്കുമാവുകയുള്ളൂ. അവർ അമ്പിയാക്കളാണെന്നും ഔലിയാക്കളാണെന്നുമുള്ള വിശ്വാസത്തോടെ അവരെ വിളിച്ചപേക്ഷിക്കുന്നത് ഒരിക്കലും പ്രാർഥനയും ആരാധനയും ശിർക്കുമാകുന്നതല്ല" (പേജ്, 380).

ഒരാൾ ക്വാദി, ഖത്വീബ്, ഇമാം എന്നീ സ്ഥാനങ്ങൾക്ക് അർഹനാകണമെങ്കിൽ അയാൾക്കുള്ള യോഗ്യതകൾ സമസ്തയുടെ 1933ലെ എട്ടാം പ്രമേയത്തിൽ പറയുന്നുണ്ട്: "മരിച്ചുപോയ അമ്പിയാക്കൾ, ഔലിയാക്കൾ, സ്വാലിഹീങ്ങൾ ഇവരുടെ ദാത്ത്, ജാഹ്, ഹഖ്, ബർകത്ത് എന്നിവകൊണ്ടുള്ള തവസ്സുൽ, നേരിട്ടുവിളിക്കൽ, അവരോട് സഹായത്തിനപേക്ഷിക്കൽ...' ('ഇവരെ എന്തുകൊണ്ട് അകറ്റണം? ' എന്ന പുസ്തകത്തിൽ ഉദ്ധരിച്ചത്/പേജ് 14).

ഇത് ഇസ്ലാമാണോ? നബിﷺയോ, സ്വഹാബത്തോ അഹ്ലുസ്സുന്നഃ വൽജമാഅഃയുടെ പണ്ഡിതന്മാരോ ഇത്തരമൊരു വിശ്വാസമുള്ളവരായിരുന്നോ? പ്രാമാണികമായി രചിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ ഇതുണ്ടോ? മക്കാമുശ്രിക്കുകൾ, ശിയാക്കൾ, സ്വൂഫികൾ, ബറേൽവികൾ എന്നീ ഇസ്ലാമികാദർശ വിരോധികളെയും വ്യതിയാനക്കാരെയുമല്ലാതെ മറ്റാരെയും ഈ വിശ്വാസത്തിന് കൂട്ടായി മുസ്ലിയാക്കന്മാർക്ക് ലഭിക്കുകയില്ല.

പ്രാർഥനയും സഹായതേട്ടവും അല്ലാഹുവിനോട് മാത്രമേ ആകാവൂ എന്നത് ഇസ്ലാമിന്റെ അടിത്തറയാണ്. അല്ലാഹു പറയുന്നു: "നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുന്നു" (ക്വുർആൻ 1:5).

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (ക്വുർആൻ 40:60).



അല്ലാഹുവിനോട് പ്രാർഥിക്കാതെ സൃഷ്ടികളോട് പ്രാർഥിക്കുന്നവർ അഹങ്കാരികളും നരകാവകാശികളുമാണെന്ന് വ്യക്തം. ഇവർതന്നെയാണ് ഏറ്റവും വഴിപിഴച്ചവരും. അല്ലാഹു പറയുന്നു:

"അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു" (ക്വുർആൻ 46:5)

2021 ജൂലൈ ലക്കം 'സുന്നി വോയിസി'ൽ ഒരു മുസ്‌ലിയാർ എഴുതിയത് കാണുക: "ആത്മാവിന് പല കഴിവുകളുമുണ്ട്. അവയെല്ലാം പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെട്ടവയുമാണ്. മരണപ്പെട്ടവർ കാണുകയോ കേൾക്കുകയോ വിവരങ്ങൾ അറിയുകയോ ചെയ്യില്ലെന്ന് വാദിക്കുന്ന പുത്തൻ പ്രസ്ഥാനക്കാർ തങ്ങളുടെ ആശയസ്രോതസ്സായി അംഗീകരിക്കുന്ന ഇബ്നുൽ ഖയ്യിം ആത്മാവിന്റെ കഴിവുകളെ കുറിച്ച് വിവരിക്കാൻ രചിച്ച ഗ്രന്ഥമാണ് കിതാബുർറൂഹ്. മഹാന്മാരുടേത് മാത്രമല്ല, സാധാരണക്കാരുടെ ആത്മാക്കളും മരണശേഷം ഐഹിക ലോകത്ത് നടക്കുന്ന കാര്യങ്ങൾ അറിയുമെന്നും അവരുടെ പരിധിയിൽ വരുന്ന സഹായങ്ങൾ ചെയ്യുമെന്നും അദ്ദേഹം സമർഥിക്കുന്നുണ്ട്. മരണശേഷവും ആത്മാക്കൾക്ക് ഭൗതിക ലോകവുമായി ബന്ധമുണ്ടാകുമെന്നും ഇവിടെ നടക്കുന്ന പല വിവരങ്ങളും അവർ അറിയുമെന്നുമാണ് ഇസ്‌ലാമിന്റെ പക്ഷം; ജീവിതകാലത്ത് അടുത്ത പരിചയമുള്ളവരാണെങ്കിൽ വിശേഷിച്ചും" (പേജ്/13, ജൂലൈ 16-31).

മരണപ്പെട്ടവർ നിരുപാധികം എല്ലാം കേൾക്കുമെന്നും അവരെ സന്ദർശിക്കുന്നവരെ അറിയുമെന്നും ഭൗതിക കാര്യങ്ങളിൽ സഹായിക്കുമെന്നും പോലുള്ള വിശ്വാസങ്ങൾ ഇസ്‌ലാം പഠിപ്പിച്ചതല്ല. അല്ലാഹു പറയുന്നു: "മരണപ്പെട്ടവരെ നിനക്ക് കേൾപിക്കാനാവുകയില്ല..." (27:80).

"നിനക്ക് ക്വബ്റുകളിലുള്ളവരെ കേൾപിക്കാനാവില്ല" (35:22)

ഒരാളുടെ മരണത്തോടെ മൂന്ന് കാര്യങ്ങൾ ഒഴികെ ബാക്കിയുള്ള പ്രവൃത്തികൾ മുറിയുമെന്ന് ഹദീഥുകളിൽ വ്യക്തമാണ്. ഇതിൽനിന്ന് ആരും ഒഴിവല്ല. മരണപ്പെട്ടവരുടെ ലോകത്തുവെച്ച് അവർ അറിയുന്നതും കേൾക്കുന്നതുമായി പ്രമാണങ്ങളിൽ വന്നത് പൂർണമായും ഉദ്ധരിക്കാതെ അവയെ ശിർക്കിന് തെളിവാക്കുന്നത് അന്യായമാണ്.

പ്രമാണങ്ങൾക്കും പണ്ഡിതന്മാരുടെ ഏകോപനത്തിനും എതിരാകാത്തവിധം ചില സ്വപ്ന കഥകളും മറ്റു ഉദ്ധരണികളും അവലംബിച്ച് ഒട്ടേറെ മൂല്യവത്തായ ചർച്ചകൾ ഉൾപ്പെട്ട ഗ്രന്ഥമാണ് ഇമാം ഇബ്നുൽ ക്വയ്യിമിന്റെ 'അർറൂഹ്.' ഈ ഗ്രന്ഥത്തെപ്പറ്റി വേണ്ടത്ര അറിവ് മുസ്‌ലിയാർക്ക് ഇല്ലെന്നതുറപ്പാണ്. ശിർക്കിനെ നഖശിഖാന്തം എതിർത്ത അഹ്‌ലുസ്സുന്നയുടെ ഇമാമിനെ ഉദ്ധരിച്ച് ശിർക്കിന് തെളിവുണ്ടാക്കുന്നതിനെക്കാൾ വലിയ അനീതിയെന്താണ്? മുസ്‌ലിയാർ തത്രപ്പെടുന്നത് കണ്ടാൽ ആത്മാക്കളോട് പ്രാർഥനയും സഹായതേട്ടവും നടത്തണമെന്ന ശിയാ, സ്വൂഫീ വിശ്വാസത്തെ സ്ഥാപിക്കാൻ വേണ്ടിയാണ് ഇമാം ഈ ഗ്രന്ഥം രചിച്ചതെന്ന് തോന്നിപ്പോകും. അവിടെ നടക്കുന്ന ചലനങ്ങളെക്കുറിച്ച് അദ്ദേഹം പ്രതിപാദിച്ചതിൽ ശരിയും തെറ്റുമുണ്ടാകാം. മതവിഷയങ്ങളിൽ ഗവേഷണം നടത്താൻ കഴിവുള്ള പണ്ഡിതനായതിനാൽ ആ കാര്യത്തിൽ ആക്ഷേപിക്കേണ്ടതില്ല. അഹ്‌ലുസ്സുന്നഃ വൽജമാഅഃയുടെ വക്താക്കൾ ആരെയും അന്ധമായി അനുകരിക്കാത്തവരും നബിﷺ ഒഴികെ മറ്റാരുടെ വാക്കിലും തള്ളേണ്ടതും കൊള്ളേണ്ടതുമുണ്ടാകും എന്ന് വിശ്വസിക്കുന്നവരുമാണ്. പണ്ഡിതന്മാരെ അന്ധമായി അനുകരിക്കുന്ന സമസ്തക്കാർക്ക് ഈ വിശ്വാസം സ്വീകാര്യമാകില്ല.

'അർറൂഹ്' എന്ന ഗ്രന്ഥത്തെ തെളിവാക്കി ശിർക്കിനെ മിനുക്കാൻ ശ്രമിക്കുന്ന മുസ്‌ലിയാർ തൗഹീദിന്റെ പൊരുളിനെ സംബന്ധിച്ച് അതേ ഗ്രന്ഥത്തിൽ ഇമാം പഠിപ്പിച്ചത് ഉൾക്കൊള്ളുമോ? അദ്ദേഹം ആ ഗ്രന്ഥം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്:

"തൗഹീദെന്നാൽ സ്രഷ്ടാവിന്റെ ഒരു അവകാശവും പ്രത്യേകതയും സൃഷ്ടിക്ക് വകവെച്ച് കൊടുക്കാതിരിക്കുക എന്നതാണ്. അതിനാൽ സൃഷ്ടി ആരാധിക്കപ്പെടാനോ, നമസ്കാരമർപിക്കപ്പെടാനാ, സാഷ്ടാംഗം നമിക്കപ്പെടാനോ, തന്റെ പേരിൽ സത്യം ചെയ്യപ്പെടാനോ, നേർച്ച നേരപ്പെടാനോ, ഭരമേൽപിക്കപ്പെടാനാ, അല്ലാഹുവിലേക്ക് അടുപ്പം ലഭിക്കാൻ ആരാധിക്കപ്പെടാനോ ഒന്നും പാടുള്ളതല്ല തന്നെ. ലോകരക്ഷിതാവിനോട് ഒരു നിലയ്ക്കും സൃഷ്ടിയെ തുല്യതപ്പെടുത്താവതല്ല. ചില ആളുകളുടെ സംസാരത്തിൽ വരുന്നത് പോലെ; 'അല്ലാഹുവും താങ്കളും

ഉദ്ദേശിച്ചത് (നടക്കുന്നു),' 'ഇത് താങ്കളിൽനിന്നും അല്ലാഹുവിൽ നിന്നുമുള്ളതാകുന്നു,' 'ഞാൻ അല്ലാഹുവിനെ കൊണ്ടും താങ്കളെ കൊണ്ടുമാണ് നിലനിൽക്കുന്നത്,' 'ഞാൻ അല്ലാഹുവിലും താങ്കളിലും ഭരമേൽപ്പിക്കുന്നു,' 'എനിക്ക് ആകാശത്ത് അല്ലാഹുവും ഭൂമിയിൽ താങ്കളുമുണ്ട്,' 'ഇത് അല്ലാഹുവിന്റെയും താങ്കളുടെയും ധർമത്തിൽപെട്ടതാണ്,' 'ഞാൻ അല്ലാഹുവിലേക്കും താങ്കളിലേക്കും പശ്ചാതാപിച്ച് മടങ്ങുന്നു,' 'ഞാൻ അല്ലാഹുവിന്റെയും താങ്കളുടെയും സംരക്ഷണത്തിലാണ്' എന്നൊന്നും പറയാവതല്ല. അങ്ങനെ ഒരു സൃഷ്ടിക്ക് ഒരാൾ സുജൂദ് ചെയ്യുന്നു.

ചില മുശ്‌രിക്കുകൾ തങ്ങളുടെ ശൈഖുമാർക്ക് സുജൂദ് ചെയ്യാറുണ്ട്. ശൈഖിനുവേണ്ടി തല മുണ്ഡനം ചെയ്യാറുണ്ട്. അയാളുടെ പേരിൽ സത്യം ചെയ്യാറുണ്ട്, നേർച്ചനേരാറുണ്ട്, അയാളുടെ മരണശേഷം ക്വബ്‌റിങ്കൽ പോയി സുജൂദ് ചെയ്യാറുണ്ട്. ആവശ്യങ്ങളും പ്രശ്നങ്ങളും വരുമ്പോൾ അവിടെ ചെന്ന് ഇസ്തിഗാസ ചെയ്യാറുണ്ട്. അല്ലാഹുവിന്റെ കോപം വാങ്ങിക്കൊണ്ട് അവരെ തൃപ്തിപ്പെടുത്താറുണ്ട്. അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടി അവരുടെ കോപം വാങ്ങാനയാൾ തയ്യാറല്ല താനും. അല്ലാഹുവിലേക്ക് അടുപ്പമന്വേഷിക്കുന്നതിനെക്കാൾ അവരിലേക്ക് അടുപ്പം സിദ്ധിക്കാൻ ശ്രമിക്കാറുണ്ട്. അങ്ങനെ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നതിനെക്കാൾ, പേടിക്കുന്നതിനെക്കൾ, അവനിൽ പ്രതീക്ഷവെക്കുന്നതിനെക്കാൾ, ഈ ശൈഖിനെ ഇഷ്ടപ്പെടുകയും പേടിക്കുകയും ശൈഖിൽ പ്രതീക്ഷ വെക്കുകയും, അല്ലെങ്കിൽ സമമായ നിലക്ക് ഇതൊക്കെ ചെയ്യുകയും ചെയ്യുന്നു. യഥാർഥത്തിൽ റുബൂബിയ്യത്തിന്റെ പ്രത്യേകതകൾ സൃഷ്ടിക്ക് വകവെച്ചകൊടുക്കാതിരിക്കുന്നതും മറ്റുള്ളവർക്ക് പോട്ടെ, സ്വന്തത്തിന് പോലും ഉപകാരമോ ഉപദ്രവമോ ജീവിതമോ മരണമോ ഉയർത്തെഴുന്നേൽപോ ഒന്നും തന്നെ ഉടമപ്പെടുത്താത്ത ഒരു അടിമയുടെ പദവി വകവെച്ചുകൊടുക്കുന്നതും ഒരിക്കലും ആ അടിമയെ കുറച്ച് കാണിക്കലോ, അയാളുടെ ഏതെങ്കിലും പദവിയെ ഇകഴ്ത്തിക്കാണിക്കലോ ഒന്നുമല്ല എന്നതാണ് വസ്തുത.

ഈ മുശ്‌രിക്കുകൾ എങ്ങനെ കിടന്ന് ന്യായീകരിച്ചാലും ഇതാണ് വസ്തുത. ആദം സന്തതികളുടെ നേതാവായ പ്രവാചകനിൽനിന്ന് സ്ഥിരപ്പെട്ട് വന്നതായി കാണാം; അദ്ദേഹം പറഞ്ഞു: "നസ്വാറാക്കൾ ഈസാനബിയെ അമിതമായി പ്രശംസിച്ചപോലെ എന്നെ നിങ്ങൾ പ്രംശംസിക്കരുത്. ഞാനൊരടിമ മാത്രമാണ്. അല്ലാഹുവിന്റെ അടിമ, അവന്റെ ദൂതൻ എന്ന് നിങ്ങൾ പറയുക."

മറ്റൊരിക്കൽ പറഞ്ഞു: "ഓ ജനങ്ങളേ, നിങ്ങൾ എന്റെ പദവിക്കുമേൽ എന്നെ ഉയർത്തുന്നത് ഞാനിഷ്ടപ്പെടുന്നില്ല."

അദ്ദേഹം തന്നെ പറയുന്നു: "എന്റെ ക്വബ്‌റിനെ നിങ്ങൾ ആരാധാനാകേന്ദ്രമാക്കരുത്."

'അല്ലാഹുവും ഇന്നയാളും ഉദ്ദേശിച്ചത് (നടക്കുന്നു)' എന്ന് നിങ്ങൾ പറയരുത് എന്നാണ് അദ്ദേഹം പറഞ്ഞത്.

'അല്ലാഹുവും താങ്കളും ഉദ്ദേശിച്ചത് (നടക്കുന്നു)' എന്നൊരാൾ അദ്ദേഹത്തോട് പറഞ്ഞപ്പോൾ 'നീ എന്നെ അല്ലാഹുവിന് സമമാക്കുകയാണാ' എന്നാണ് തിരിച്ചുപറഞ്ഞത്.

തെറ്റ് ചെയ്ത ഒരാൾ 'അല്ലാഹുവേ, ഞാൻ നിന്നിലേക്ക് ഖേദിച്ച് മടങ്ങുന്നു, മുഹമ്മദിലേക്ക് ഖേദിച്ച് മടങ്ങുന്നില്ല' എന്ന് പറഞ്ഞു.

'നീ സത്യം മനസ്സിലാക്കി അതിന്റെ ആളിലേക്കുതന്നെ ചേർത്തി' എന്നായിരുന്നു അയാളോടുള്ള മറുപടി.

അല്ലാഹു നബിയോടായി പറയുന്നു: "(നബിയേ,) കാര്യത്തിന്റെ തീരുമാനത്തിൽ നിനക്ക് യാതൊരു അവകാശവുമില്ല.'

"(നബിയേ,) പറയുക: എനിക്കുതന്നെ ഉപകാരമോ ഉപദ്രവമോ ഉണ്ടാക്കുക എന്നത് എന്റെ അധീനത്തിലല്ല; അല്ലാഹു ഉദ്ദേശിച്ചതല്ലാതെ."

"പറയുക: നിങ്ങൾക്ക് ഉപദ്രവം ചെയ്യുക എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എന്റെഅധീനതയിലല്ല."

"പറയുക: അല്ലാഹുവി(ന്റെ ശിക്ഷയി)ൽനിന്ന് ഒരാളും എനിക്ക് അഭയം നൽകുകയേ ഇല്ല; തീർച്ചയായും അവന്നു പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയുമില്ല."

"അഥവാ അവനല്ലാതെ അവലംബിക്കാനോ, അഭയംപ്രാപിക്കാനോ എനിക്കാരുമില്ല."

മകൾ ഫാത്വിമ(റ)യോടും പിതൃവ്യൻ അബ്ബാസിനോടും പിതൃവ്യ സ്വഫിയ(റ)യോടുമായി ഒരി

ക്കൽ പ്രവാചകൻﷺ പറഞ്ഞു: “ഞാൻ അല്ലാഹുവിന്റെ പക്കൽ നിങ്ങൾക്കായി ഒന്നുംതന്നെ ഉടമപ്പെടുത്തുന്നില്ല.” മറ്റൊരു റിപ്പോർട്ടിൽ ‘ഞാൻ അവന്റെ പക്കൽ നിങ്ങൾക്ക് പോന്നവനല്ല.”

പക്ഷേ, ഇതൊക്കെ ഈ മുശ്‌രിക്കുകൾക്ക് വലിയ പ്രയാസമായി തോന്നുന്നു. ഇതിനെയെല്ലാം അവർ നിഷേധിക്കും. ഈ പറഞ്ഞതിന് വിപരീതമായത് അവരുടെ ആരാധ്യർക്കും ശൈഖുമാർക്കുമവർ വകവെച്ച് കൊടുക്കുന്നു. ഇതിനോടാരെങ്കിലും എതിരായാൽ അവരുടെയൊക്കെ പദവികൾ ചവിട്ടിമെതിച്ച്, ഇകഴ്ത്താലെണെന്നാണ് വാദം. യഥാർഥത്തിൽ അവരാണ് ഇലാഹിയ്യത്തിന്റെ പദവിയെ ചവിട്ടിത്താഴ്ത്തിയത്. അതിനെ താറിടിച്ചുകാണിച്ചത്.

“അല്ലാഹുവെപ്പറ്റി മാത്രം പ്രസ്താവിക്കപ്പെട്ടാൽ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പെടുന്നതാണ്. അല്ലാഹുവിന് പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാലോ അപ്പോഴതാ അവർ സന്തുഷ്ട ചിത്തരാകുന്നു’ എന്ന അല്ലാഹുവിന്റെ വചനത്തിൽ ചെറുതല്ലാത്ത ഒരോഹരി അവർക്കുണ്ട്” (അർറൂഹ്/പേജ് 263, 264).

മുസ്‌ലിയാർ എഴുതുന്നു: “ഈ വസ്തുത വിശദീകരിച്ച് ഇമാം സഅ്ദുദ്ദീൻ തഫ്തസാനി(റഹി) എഴുതുന്നു: ‘ഭൗതിക ശരീരവുമായി വേർപിരിഞ്ഞ ശേഷം ചില പുതിയ ജ്ഞാനങ്ങളും ജീവിച്ചിരിക്കുന്നവരുടെ വിവരങ്ങളും ആത്മാവ് അറിയുമെന്നതാണ് ഇസ്‌ലാമിന്റെ പൊതുതത്ത്വങ്ങളിൽനിന്ന് മനസ്സിലാകുന്നത്. ഐഹികലോകത്തുവെച്ച് മയ്യിത്തുമായി പരിചയമുള്ളവരാണെങ്കിൽ പ്രത്യേകിച്ചും. ഇതുകൊണ്ടാണ് ക്വബ്ർ സിയാറത്തും നന്മകൾ ലഭിക്കുവാനും ആഫത്തുകൾ ഒഴിവാകാനും മരണപ്പെട്ട മഹാന്മാരോടുള്ള സഹായാർഥനയും ഫലം കാണുന്നത്’ ശറഹുൽ മഖാസ്വിദ്:3/373” (സുന്നിവോയ്സ്, 2021 ജൂലൈ, പേജ് 13).

സ്വൂഫീ ആചാര്യനും വചനശാസ്ത്ര പണ്ഡിതനുമായ സഅ്ദുദ്ദീൻ തഫ്തസാനി സമസ്തയുടെ താത്ത്വികാചാര്യനായതിനാൽ ഇതിന്റെ പ്രമാണമെന്തെന്ന് ചോദിക്കുന്നതിൽ പ്രസക്തിയില്ല. പ്രതിസന്ധിയിലും ആപൽഘട്ടങ്ങളിലും മക്ബറകളിൽ അഭയംതേടിയാൽ ഫലംകിട്ടുമെന്ന് വിശ്വസിക്കൽ യഥാർഥത്തിൽ മതത്തെ അവമതിക്കലാണ്.

അല്ലാഹു പറയുന്നു: “അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചുപ്രാർഥിച്ചാൽ അവന്ന് ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?). അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ” (27:62).

ഉത്തമ തലമുറയിലുള്ളവർ പരീക്ഷണഘട്ടങ്ങളെ നേരിട്ടത് അല്ലാഹുവിനോട് മാത്രം പ്രാർഥിച്ചും ക്ഷമിച്ചുമാണ്. നബിﷺയോട് ഏറ്റവും അടുത്തവരായിട്ട് കൂടി അവിടുത്തെ ക്വബ്റിനെ അവർ ആശ്രയിച്ചില്ല. നന്മ നൽകാനും തിന്മയെ തടയാനും കഴിവുള്ളവൻ അല്ലാഹുവാണെന്ന വിശ്വാസിത്തിൽനിന്ന് അവർ തെറ്റിക്കപ്പെട്ടതുമില്ല.

അല്ലാഹു പറയുന്നു: “നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസൻമാരിൽനിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ” (10:107).

അല്ലാഹുവിനെ വിട്ട് സൃഷ്ടികളോട് പ്രാർഥിക്കുന്ന ഏവരും അല്ലാഹുവിനോടു മാത്രം പ്രാർഥിക്കുന്ന രണ്ട് ഘട്ടങ്ങൾ അല്ലാഹു പറഞ്ഞുതരുന്നത് കാണുക:

“(നബിയേ,) പറയുക: നിങ്ങളൊന്ന് പറഞ്ഞുതരൂ; അല്ലാഹുവിന്റെ ശിക്ഷ നിങ്ങൾക്ക് വന്നുഭവിച്ചാൽ, അല്ലെങ്കിൽ അന്ത്യസമയം നിങ്ങൾക്ക് വന്നെത്തിയാൽ അല്ലാഹുവല്ലാത്തവരെ നിങ്ങൾ വിളിച്ചുപ്രാർഥിക്കുമോ? (പറയൂ;) നിങ്ങൾ സത്യസന്ധരാണെങ്കിൽ. ഇല്ല, അവനെ മാത്രമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുകയുള്ളൂ. അപ്പോൾ അവൻ ഉദ്ദേശിക്കുന്ന പക്ഷം ഏതൊരു വിഷമത്തിന്റെ പേരിൽ നിങ്ങളവനെ വിളിച്ച് പ്രാർഥിക്കുന്നുവോ അതവൻ ദൂരീകരിച്ച് തരുന്നതാണ്. നിങ്ങൾ (അവനോട്) പങ്കുചേർക്കുന്നവയെ നിങ്ങൾ (അപ്പോൾ) മറന്നുകളയും” (6:40,41).

ശാശ്വത വിജയത്തിന്റെയും നിർഭയത്വത്തിന്റെയും വഴിയാണ് തൗഹീദ് ഉൾക്കൊണ്ടുകൊണ്ടുള്ള ജീവിതം. അതിൽ പ്രവേശിക്കാൻ മടികാണിക്കുന്നവർക്കാണ് അനിവാര്യമായ നാശം.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





മുഹമ്മദ് നബി ﷺ 35

# ഇസ്‌ലാമിലെ യുദ്ധങ്ങൾ

ഇസ്‌ലാമിക ചരിത്രത്തിലെ യുദ്ധങ്ങൾ ധാരാളം ഗുണപാഠങ്ങൾ നൽകുന്നവയാണ്. നബി ﷺ യുടെ കാലത്ത് നടന്ന ഓരോ യുദ്ധത്തെക്കുറിച്ചും ഇക്കാലത്ത് പ്രത്യേകിച്ചും നാം അറിയേണ്ടതുണ്ട്. യുദ്ധങ്ങളിലൂടെയും കലാപങ്ങളിലൂടെയുമാണ് ഇസ്‌ലാമിന്റെ വ്യാപനം ഉണ്ടായതെന്ന് വരുത്തിത്തീർക്കാൻ ഇസ്‌ലാമിന്റെ ശത്രുക്കൾ ഈ കാലത്ത് കഷ്ടപ്പെട്ട് ശ്രമിക്കുന്നുണ്ടല്ലോ. ജിഹാദിന്റെ മഹത്ത്വം അറിഞ്ഞ് അതിന്റെ പ്രതിഫലം നേടാനായി കണ്ടവരെയെല്ലാം കൊല്ലുക

യും കൊലവിളി നടത്തുകയും ചെയ്യലല്ലായിരുന്നു പ്രവാചകന്റെ കാലത്ത് നടന്ന യുദ്ധങ്ങളുടെ ലക്ഷ്യം. സ്വന്തം വിശ്വാസമനുസരിച്ച് സ്വന്തം നാട്ടിൽ ജീവിക്കാൻ പറ്റാത്ത സാഹചര്യത്തിൽ, അതിനു പറ്റുന്ന മറ്റൊരു നാട്ടിലേക്ക്, ആ നാട്ടുകാരുടെ സമ്മതത്തോടെ ചെല്ലുകയും, അവിടെയും സ്വൈര്യമായി ജീവിക്കാൻ സമ്മതിക്കാതെ ഉപദ്രവം തുടരുകയും ചെയ്ത സാഹചര്യത്തിൽ അവരെ പ്രതിരോധിക്കാനായി അല്ലാഹു അനുവാദം നൽകിയ സന്ദർഭത്തിൽ ഉണ്ടായ സംഘട്ടനങ്ങളായിരുന്നു നബിﷺയുടെ കാലത്തെ യുദ്ധങ്ങൾ. ശത്രുക്കളുമായുള്ള പോരാട്ടത്തിന് ഇറങ്ങുന്ന വേളയിൽ കാരുണ്യത്തിന്റെ തിരുദൂതർ മുഹമ്മദ് നബിﷺ അനുചരന്മാർക്ക് പോർക്കളത്തിൽ പാലിക്കേണ്ട മര്യാദകൾ പഠിപ്പിച്ചു. സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും വധിക്കരുതെന്നും, ഫലവൃക്ഷങ്ങൾ മുറിച്ച് നശിപ്പിക്കരുതെന്നും, ഇതരമതസ്ഥരുടെ ആരാധനാലയങ്ങൾ നശിപ്പിക്കരുതെന്നും, അവിടെ ആരാധിക്കുന്നവരോട് യുദ്ധം ചെയ്യരുതെന്നുമെല്ലാമുള്ള ഉപദേശങ്ങൾ അതിൽ പെട്ടതാണ്.

ലോക ചരിത്രത്തിൽ മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും വർണ വിവേചനത്തിന്റെയുമൊക്കെ പേരിൽ ധാരാളം യുദ്ധങ്ങൾ നടന്നിട്ടുണ്ട്. അധിക യുദ്ധങ്ങളും അന്യായമായിട്ടാണ് നടന്നിട്ടുള്ളത്. നിരപരാധികളായ സ്ത്രീകളും കുട്ടികളും ആരാധനാലയങ്ങളും വീടുകളും വിദ്യാലയങ്ങളും ആശുപത്രികളും മിണ്ടാപ്രാണികളുമെല്ലാം ആ യുദ്ധങ്ങളിൽ ഇരകളായിട്ടുണ്ട്. ലോകമഹായുദ്ധങ്ങൾ ലോകത്ത് വരുത്തിയ നാശങ്ങളുടെ ആഴം അറിയാത്തവരല്ലല്ലോ നാം. എത്രയോ കൊല്ലങ്ങൾക്കു മുമ്പ് ജപ്പാനിൽ വർഷിച്ച അണുബോംബിന്റെ അനന്തരഫലം ഇന്നും ആ നാട്ടുകാർ അനുഭവിക്കുന്നു. അപ്രകാരം ചെയ്ത ദുഷ്ടന്മാർ ചരിത്രത്തിൽ ഭീകരരായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. നാട്ടിൽ സ്വസ്ഥതയും സമാധാനവും ഇല്ലാതാക്കിയ കലാപങ്ങളുടെ എണ്ണം എത്രയാണ്!

മതഗ്രന്ഥങ്ങളിലും പല യുദ്ധങ്ങളെ പറ്റിയും പ്രതിപാദിക്കുന്നുണ്ട്. മഹാഭാരതത്തിലും ബൈബിളിലും യുദ്ധങ്ങളുടെ വിശദീകരണങ്ങളുണ്ട്. ലോകത്തിന് കാരുണ്യമായി അല്ലാഹു അയച്ച മുഹമ്മദ് നബിﷺയുടെ കാലത്ത് നടന്ന യുദ്ധങ്ങളിൽ ഒന്നുപോലും അകാരണമായോ അന്യായമായോ അല്ല നടന്നിട്ടുള്ളത്. നിരപരാധികൾ വധിക്കപ്പെടാത്ത, ഒരു സ്ത്രീ പോലും കൊല്ലപ്പെടാത്ത, ഒരു ആരാധനാലയം പോലും തകർക്കപ്പെടാത്ത, ഒരു വീട് പോലും നശിപ്പിക്കപ്പെടാത്ത, ഒരു മിണ്ടാപ്രാണിപോലും ഇരയായിട്ടില്ലാത്ത യുദ്ധങ്ങളാണ് മുഹമ്മദ് നബിﷺയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ളത്.

**ലോക ചരിത്രത്തിൽ മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും വർണ വിവേചനത്തിന്റെയുമൊക്കെ പേരിൽ ധാരാളം യുദ്ധങ്ങൾ നടന്നിട്ടുണ്ട്. അധിക യുദ്ധങ്ങളും അന്യായമായിട്ടാണ് നടന്നിട്ടുള്ളത്. നിരപരാധികളായ സ്ത്രീകളും കുട്ടികളും ആരാധനാലയങ്ങളും വീടുകളും വിദ്യാലയങ്ങളും ആശുപത്രികളും മിണ്ടാപ്രാണികളുമെല്ലാം ആ യുദ്ധങ്ങളിൽ ഇരകളായിട്ടുണ്ട്. ലോകമഹായുദ്ധങ്ങൾ ലോകത്ത് വരുത്തിയ നാശങ്ങളുടെ ആഴം അറിയാത്തവരല്ലല്ലോ നാം. എത്രയോ കൊല്ലങ്ങൾക്കു മുമ്പ് ജപ്പാനിൽ വർഷിച്ച അണുബോംബിന്റെ അനന്തരഫലം ഇന്നും ആ നാട്ടുകാർ അനുഭവിക്കുന്നു. അപ്രകാരം ചെയ്ത ദുഷ്ടന്മാർ ചരിത്രത്തിൽ ഭീകരരായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. നാട്ടിൽ സ്വസ്ഥതയും സമാധാനവും ഇല്ലാതാക്കിയ കലാപങ്ങളുടെ എണ്ണം എത്രയാണ്!**

### ബദ്ർ യുദ്ധം

നബിﷺയുടെ മദീന ജീവിതത്തിൽ ഉണ്ടായ സുപ്രധാനമായ സംഭവമാണ് ബദ്ർ യുദ്ധം. നബിﷺയും അനുയായികളും ശത്രുക്കളുമായി ഏറ്റുമുട്ടിയ പ്രസിദ്ധമായ ഈ യുദ്ധം ഹിജ്റ രണ്ടാം വർഷം റമദാൻ പതിനേഴിനാണ് നടന്നത്. ബദ്ർ യുദ്ധം എന്ന് കേട്ടിട്ടുണ്ടെന്നല്ലാതെ അതിന്റെ വിശദമായ ചരിത്രം വസ്തുതാപരമായി അറിയുന്നവരല്ല ഈ കാലത്ത് അധിക പേരും. അതിനാൽ ബദ്ർ യുദ്ധം ഉണ്ടാകാനുണ്ടായ പശ്ചാത്തലവും അന്ന് അവിടെ എന്താണ് സംഭവിച്ചതെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്.

തങ്ങൾ മനസ്സിലാക്കിയ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തം നാട്ടിൽ ജീവിക്കുവാൻ അവിടത്തുകാർ സമ്മതിക്കാതെ വന്നപ്പോൾ വീടും സമ്പത്തും കുടുംബവുമെല്ലാം ഉപേക്ഷിച്ച് അല്ലാഹുവിന്റെ കൽപന പ്രകാരം മക്കയിൽനിന്നും മദീനയിലേ

ക്ക് മുഹമ്മദ് നബിﷺയും അനുചരന്മാരും പലായനം ചെയ്യുന്ന സന്ദർഭത്തിൽ അവരുടെ സമ്പാദ്യം മുഴുവനും ശത്രുക്കൾ പിടിച്ചെടുത്ത കാര്യം നാം മനസ്സിലാക്കുകയുണ്ടായല്ലോ. ആ സ്വത്ത് ഉപയോഗിച്ചായിരുന്നു പിന്നീട് മക്കക്കാരുടെ നിഗളിപ്പ് മുഴുവനും. അതുമുഖേന മുസ്‌ലിംകളെ ദ്രോഹിക്കാൻ മക്കയിലെ ശത്രുക്കൾ പലതവണ പദ്ധതികൾ ആവിഷ്‌കരിച്ചു.

യമനിലേക്കും സിറിയയിലേക്കുമെല്ലാം നടത്തിയിരുന്ന കച്ചവടമായിരുന്നു ക്വുറയ്ശികളുടെ പ്രധാന വരുമാനമാർഗം. തണുപ്പും ചൂടും നോക്കി യമനിലേക്കും സിറിയയിലേക്കും മാറി മാറി അവർ കച്ചവടത്തിനായി യാത്രചെയ്തു. മക്കയിൽനിന്ന് മദീനയിലേക്ക് പലായനം ചെയ്ത മുസ്‌ലിംകളുടെ സ്വത്തുക്കൾകൂടി ഉപയോഗപ്പെടുത്തി അവർ ഇപ്രകാരം കച്ചവടയാത്ര പുറപ്പെടാൻ തുടങ്ങി.

കച്ചവടം ചെയ്ത് ലഭിച്ച വമ്പിച്ച ലാഭവുമായി അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ അവർ മക്കയിലേക്ക് മടങ്ങി. അബൂസുഫ്‌യാൻ അന്ന് മുസ്‌ലിമായിരുന്നില്ല. അദ്ദേഹം പിന്നീടാണ് ഇസ്‌ലാം സ്വീകരിക്കുന്നത്. നബിﷺയുടെ പ്രിയ പത്‌നി ഉമ്മു ഹബീബؓയുടെ പിതാവാണ് അബൂസുഫ്‌യാൻ. ശാമിലേക്ക് പോയ നാൽപതോളം വരുന്ന വർത്തകസംഘത്തിന്റെ നേതാവാണ് അന്ന് അബൂസുഫ്‌യാൻ.

ഒരിക്കൽ മുസ്‌ലിംകളുടെ സ്വത്തും ക്വുറയ്ശികളുടെ സ്വത്തുമെല്ലാം ശേഖരിച്ച് വലിയ ഒരു സംഘം കച്ചവടത്തിനായി സിറിയയിലേക്ക് പുറപ്പെടുകയുണ്ടായി. അതിൽനിന്ന് കിട്ടുന്ന ലാഭംകൊണ്ട് മുഹമ്മദ് നബിﷺയെയും അനുയായികളെയും നശിപ്പിക്കലായിരുന്നു ആ യാത്രയുടെ ഉദ്ദേശ്യം. ഇവർ യാത്ര പുറപ്പെടാൻ ഒരുങ്ങുന്ന വിവരം നബിﷺക്ക് കിട്ടി. അതിനാൽ അവരെ വഴിയിൽവെച്ച് തടയണമെന്നും ശാമിലേക്ക് അവരെ പോകാൻ അനുവദിക്കരുതെന്നും നബിﷺ തീരുമാനിച്ചു. പക്ഷേ, അവരെ തടയാൻ നബിﷺക്ക് ആയില്ല. അപ്പോഴേക്കും അവർ ശാമിലേക്ക് പോയിരുന്നു.

സ്വസ്ഥമായി ഒരു നാട്ടിൽ (മദീനയിൽ) അവരുടെ വിശ്വാസം അനുസരിച്ച് ജീവിക്കാൻ സാഹചര്യമുണ്ടായിരുന്നു. അവിടെയും മുസ്‌ലിംകളെ ജീവിക്കാൻ ശത്രുക്കൾ സമ്മതിക്കാതിരിക്കുകയാണ്. മുസ്‌ലിംകളുടെത് അടക്കമുള്ള സ്വത്ത് ഉപയോഗപ്പെടുത്തി ലാഭമുണ്ടാക്കാനും ആ ലാഭം സ്വത്തിന്റെ അവകാശികൾക്ക് എതിരിൽത്തന്നെ ഉപയോഗപ്പെടുത്താനും അവർ തുനിഞ്ഞ സാഹചര്യത്തിലാണ് ആ കച്ചവട സംഘത്തെ തടയാനുള്ള ആഹ്വാനം നബിﷺ സ്വഹാബിമാരോട് നടത്തിയത്. അത് ന്യായമായ ഒരു തീരുമാനമാണല്ലോ. അതല്ലാതെ, ഒരു യുദ്ധത്തിനുള്ള നീക്കമായിരുന്നില്ല നബിﷺ നടത്തിയത്. പിന്നീടാണ് അത് യുദ്ധത്തിൽ കലാശിച്ചത്. തങ്ങളെ നശിപ്പിക്കാൻ വേണ്ടി സമ്പത്തുണ്ടാക്കുവാനായി ശാമിലേക്കുള്ള അവരുടെ യാത്ര തടയലും, അവരുടെ സാമ്പത്തികശക്തി ദുർബലപ്പെടുത്തലുമായിരുന്നു നബിﷺയുടെ ലക്ഷ്യം. അതിനാൽതന്നെ മുസ്‌ലിംകളോട് യുദ്ധത്തിനുള്ള തയ്യാറെടുപ്പിനായി നിർദേശിക്കുകയും ചെയ്തിരുന്നില്ല. ഇങ്ങനെ ഒരു ഉദ്ദേശ്യത്തിനായി പുറപ്പെടുന്നുണ്ട്. ഉദ്ദേശിക്കുന്നവർ വരിക എന്ന ഒരു സംസാരമാണ് നബിﷺ സ്വഹാബിമാർക്കിടയിൽ നടത്തിയത്. നബിﷺയുടെ നിർദേശം കേട്ടപ്പോൾ കുറച്ചുപേർ തയ്യാറായി. 319 പേരെയും കൊണ്ടാണ് നബിﷺ അതിനായി പുറപ്പെടുന്നത്. യുദ്ധ സന്നാഹത്തിലായിരുന്നില്ല അവരുടെ പുറപ്പാട്. ഇരുനൂറോളം ഒട്ടകവും രണ്ട് കുതിരകളും മാത്രമാണ് അവർക്ക് ഉണ്ടായിരുന്നത്. അതിനാൽതന്നെ അവർ വാഹനപ്പുറത്ത് മാറി മാറി യാത്ര ചെയ്യാനായിരുന്നു തീരുമാനിച്ചിരുന്നത്. നബിﷺ, അബൂലുബാബؓ, അലിؓ എന്നിവർക്കായി ഒരു വാഹനം



തീരുമാനിക്കപ്പെട്ടു. നബിﷺയോടുള്ള സ്നേഹം കാരണം ഞങ്ങൾ നടക്കാമെന്നും താങ്കൾ അതിൽ യാത്ര ചെയ്തുകൊള്ളുക എന്നും ഇരുവരും പറഞ്ഞു നോക്കി. നബിﷺ അത് സമ്മതിച്ചില്ല. നബിﷺ പറഞ്ഞു: 'നടത്തത്തിൽ എന്നെക്കാൾ ശക്തരല്ല നിങ്ങൾ ഇരുവരും. നിങ്ങളെക്കാൾ പ്രതിഫലത്തെ തൊട്ട് ഞാൻ ധന്യനുമല്ല' (അഹ്മദ്).

വിനീതനായ നബിﷺയെയാണ് ഇവിടെ നാം കാണുന്നത്. നേതാവായ ആ പ്രവാചകൻ അനുചരന്മാരോട് സ്നേഹത്തിലും ആദരവിലും സമത്വത്തിലും ഐക്യത്തിലുമാണ് ഇടപെട്ടിരുന്നത്. നബിﷺയുടെ ജീവിതത്തിലെ ഓരോ രംഗത്തും ഈ ഗുണങ്ങൾ പ്രകടമായിരുന്നു.

മദീനയിൽനിന്നും പുറത്തേക്കാണല്ലോ നബിﷺയുടെയും അനുചരന്മാരുടെയും പുറപ്പെടൽ. നമസ്കാരത്തിന് സമയമായാൽ പള്ളിയിൽ നമസ്കാരം നിർവഹിക്കപ്പെടണം, അതിന് നേതൃത്വം നൽകാൻ ആളുവേണം. നബിﷺ അന്ധനായ അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂമിനെ ആ കാര്യം ഏൽപിച്ചിട്ടായിരുന്നു പുറപ്പെട്ടിരുന്നത്. മദീനയിലെ കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നതിനായി ഒരു ഗവർണറെ ആവശ്യമായിരുന്നു. അതിനാൽ നബിﷺയുടെ കൂടെയുണ്ടായിരുന്ന അബൂലുബാബയെ മദീനയിലേക്ക് അവിടുന്ന് തിരിച്ചയക്കുകയും ചെയ്തു.

നബിﷺയും അനുചരന്മാരും തങ്ങളെ തടയാൻ പുറപ്പെട്ടിരിക്കുന്നു എന്ന വിവരം കച്ചവട സംഘത്തിന്റെ തലവൻ അബൂസുഫ്യാൻ എങ്ങനെയോ അറിഞ്ഞു. ഈ വിവരം ഉടനെത്തന്നെ മക്കയിലേക്ക് അദ്ദേഹം അറിയിക്കുകയും ചെയ്തു. നമ്മുടെ സാമ്പത്തിക സ്രോതസ്സായ ഈ കച്ചവട സംഘത്തെ തടയുന്നത് നമുക്ക് വമ്പിച്ച നഷ്ടമാണ് വരുത്തുകയെന്നും അതിനാൽ ജാഗ്രത പുലർത്തണമെന്നുമുള്ള സന്ദേശം മക്കയിലേക്ക് കൈമാറി. വിവരം അറിഞ്ഞതും മക്കക്കാർ അസഹ്യരായി. എന്ത് വിലകൊടുത്തും മുഹമ്മദിനെയും കൂട്ടരെയും തടയണമെന്ന തീരുമാനത്തിലായി മക്കക്കാർ. അതിനായി അവർ എല്ലാ വിധത്തിലുള്ള സന്നാഹവും ഒരുക്കി. ആരോഗ്യമുള്ള മുഴുവൻ ആളുകളും തയ്യാറാകണമെന്ന് ക്വുറയ്ശി മുഖ്യന്മാർ വിളംബരം ചെയ്തു. വളരെ പ്രയാസമുണ്ടായിരുന്ന അബൂലഹബ് ഒഴികെ എല്ലാവരും അതിന് തയ്യാറെടുത്തു. അതിൽ പങ്കെടുക്കാത്തവരെ വളരെ മോശമായി അവർ കണ്ടതിനാൽ ആരും അതിന് മടി കാണിച്ചില്ല. അങ്ങനെ മക്കയിൽനിന്നും ആയിരം പേരടങ്ങുന്ന ഒരു വൻസൈന്യം അതിനായി ഒരുങ്ങിപ്പുറപ്പെട്ടു.

മുസ്‌ലിംകളുടെ കണ്ണിൽപെടാതെ മറ്റൊരു വഴിക്ക് അബൂസുഫ്യാനും ഒപ്പമുള്ളവരും മക്കയിലേക്ക് രക്ഷപ്പെട്ടിരുന്നു. ഇനി ആരും മുസ്‌ലിംകളെ നേരിടാൻ പോകേണ്ടതില്ലെന്നും ഞങ്ങൾ രക്ഷപ്പെട്ടിരിക്കുന്നു എന്നുമുള്ള വിവരം അദ്ദേഹം മക്കയിലേക്ക് അറിയിച്ചെങ്കിലും പിന്തിരിയാൻ അവർ കൂട്ടാക്കിയില്ല. മുഹമ്മദ് നബിﷺയെയും വിശ്വാസികളെയും നിലംപരിശാക്കിയിട്ടേ മടങ്ങൂ എന്ന തീരുമാനത്തിലായിരുന്നു അവർ. ബദ്റിലേക്ക് പുറപ്പെടും മുമ്പ് അഹങ്കാരത്തിന്റെ പ്രതീകമായ അബൂജഹ്ൽ കഅ്ബയുടെ സമീപത്ത് എത്തി. കഅ്ബയുടെ വിരിപിടിച്ച് അവൻ അല്ലാഹുവിനോട് പ്രാർഥിച്ചു: 'അല്ലാഹുവേ, രണ്ട് സൈന്യങ്ങളിൽ ഏറ്റവും ഉന്നതമായതിനെ, രണ്ട് സംഘങ്ങളിൽ ഏറ്റവും ആദരണീയമായതിനെ, രണ്ട് വിഭാഗങ്ങളിൽ ഏറ്റവും നല്ലവരെ നീ സഹായിക്കേണമേ.'

നിരായുധരായ മുസ്‌ലിംകൾക്കെതിരിൽ യുദ്ധത്തിനായി പുറപ്പെട്ട ക്വുറയ്ശിപ്പടയുടെ എണ്ണവും വണ്ണവും ശക്തമായിരുന്നു. ആയിരത്തോളം വരുന്ന ആ സംഘത്തിന് ഇരുനൂറ് കുതിരകൾ തന്നെ ഉണ്ടായിരുന്നു. കുതിര എന്ന മൃഗത്തിന്റെ കഴിവും ശക്തിയും ക്വുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. യുദ്ധത്തിന് ഉപയോഗിക്കുന്ന ഒരു മൃഗ

> **മതഗ്രന്ഥങ്ങളിലും പല യുദ്ധങ്ങളെ പറ്റിയും പ്രതിപാദിക്കുന്നുണ്ട്. മഹാഭാരതത്തിലും ബൈബിളിലും യുദ്ധങ്ങളുടെ വിശദീകരണങ്ങളുണ്ട്. ലോകത്തിന് കാരുണ്യമായി അല്ലാഹു അയച്ച മുഹമ്മദ് നബിﷺയുടെ കാലത്ത് നടന്ന യുദ്ധങ്ങളിൽ ഒന്നുപോലും അകാരണമായോ അന്യായമായോ അല്ല നടന്നിട്ടുള്ളത്. നിരപരാധികൾ വധിക്കപ്പെടാത്ത, ഒരു സ്ത്രീ പോലും കൊല്ലപ്പെടാത്ത, ഒരു ആരാധനാലയം പോലും തകർക്കപ്പെടാത്ത, ഒരു വീട് പോലും നശിപ്പിക്കപ്പെടാത്ത, ഒരു മിണ്ടാപ്രാണിപോലും ഇരയായിട്ടില്ലാത്ത യുദ്ധങ്ങളാണ് മുഹമ്മദ് നബിﷺയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ളത്.**

മാണ് കുതിര. ശത്രുക്കളിലേക്ക് ഇരച്ചുകയറി ആക്രമണം നടത്താൻ കഴിവുള്ള മൃഗമാണത്. മുസ്‌ലിംകൾക്കാകട്ടെ നാമമാത്രമായ കുതിരകളും. പരിശീലനം നൽകപ്പെട്ട കുതിരകളും (അറബിയിൽ അതിന് ഫറസ് എന്നാണ് പേര്), കുതിരപ്പുറത്ത് കയറി യുദ്ധം ചെയ്യാൻ പരിശീലിച്ചിട്ടുള്ളവരുടെ (കുതിരപ്പുറത്ത് കയറാൻ പരിശീലിച്ചവന് അറബിയിൽ ഫാരിസ് എന്നാണ് പറയുക) എണ്ണവും ക്വുറയ്ശികളിൽ മുസ്‌ലിംകളെക്കാൾ വളരെയധികമാണ്. ബദ്‌റിന്റെ സമീപത്ത് തമ്പടിച്ച് മുസ്‌ലിംകളെ പേടിപ്പിക്കാനായി എല്ലാവിധത്തിലുള്ള ആരവങ്ങളും അവർ മുഴക്കി. അവരെ സുഖിപ്പിക്കാനായി ധാരാളം നർത്തകിമാരും കൂടെ ഉണ്ടായിരുന്നു; മദ്യം വേറെയും. കുടിച്ചും അട്ടഹസിച്ചും നൃത്തം ചെയ്തും പാട്ടുപാടിയും ദഫ് മുട്ടിയും അവർ ആഘോഷിച്ചു. ഭക്ഷണത്തിനായി അവർ ധാരാളം ഒട്ടകങ്ങളെ കരുതിയിരുന്നു.

മുസ്‌ലിംകൾക്കെതിരിൽ ശക്തമായ യുദ്ധസന്നാഹത്തോടെ അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ സൈന്യം പുറപ്പെട്ട വിവരം നബിﷺ അറിയുകയാണ്. നാൽപതോളം പേരുള്ള കച്ചവടസംഘത്തെ തടയാൻ വേണ്ടി മാത്രം പുറപ്പെട്ട നബിﷺയുടെയും അനുചരന്മാരുടെയും സ്ഥിതി തികച്ചും വ്യത്യസ്തമായിരുന്നു. അവർ വിചാരിച്ചത് പോലെയല്ല ഇപ്പോൾ കാര്യങ്ങളുടെ അവസ്ഥ. ശക്തമായ പോരാട്ടത്തിന്റെ മുന്നിലാണ് ഇപ്പോൾ എത്തിപ്പെട്ടിരിക്കുന്നത്. ഇതുവരെ ഇങ്ങനെയൊരു സാഹചര്യത്തിൽ എത്തിപ്പെടുമെന്ന് ആരും വിചാരിച്ചതല്ലല്ലോ. ശക്തമായ ഒരു സൈന്യം തങ്ങൾക്കെതിരിൽ പുറപ്പെട്ട വിവരം അറിഞ്ഞപ്പോൾ അവരിൽ അങ്കലാപ്പുണ്ടായി. കച്ചവടസംഘത്തെ ഏതായാലും മുസ്‌ലിംകൾക്ക് കിട്ടിയില്ലല്ലോ. അതിനാൽ ഇനി നമുക്ക് തിരിച്ചു പോകാം എന്ന് ചിലർ അഭിപ്രായപ്പെട്ടു. ഈ നിലക്കുള്ള ചില അഭിപ്രായങ്ങളെല്ലാം അവരിൽ പലർക്കും ഉണ്ടായിരുന്നു. അതു സംബന്ധമായി ക്വുർആൻ ഇപ്രകാരം പറയുന്നു:

“വിശ്വാസികളിൽ ഒരു വിഭാഗം ഇഷ്ടമില്ലാത്തവരായിരിക്കെത്തന്നെ നിന്റെ വീട്ടിൽനിന്ന് ന്യായമായ കാര്യത്തിന് നിന്റെ രക്ഷിതാവ് നിന്നെ പുറത്തിറക്കിയത് പോലെത്തന്നെയാണിത്. ന്യായമായ കാര്യത്തിൽ, അതു വ്യക്തമായതിനു ശേഷം അവർ നിന്നോട് തർക്കിക്കുകയായിരുന്നു. അവർ നോക്കിക്കൊണ്ടിരിക്കെ മരണത്തിലേക്ക് അവർ നയിക്കപ്പെടുന്നത് പോലെ. രണ്ടു സംഘങ്ങളിലൊന്ന് നിങ്ങൾക്ക് അധീനമാകുമെന്ന് അല്ലാഹു നിങ്ങളോട് വാഗ്ദാനം ചെയ്തിരുന്ന സന്ദർഭം (ഓർക്കുക). ആയുധബലമില്ലാത്ത സംഘം നിങ്ങൾക്ക് അധീനമാകണമെന്നായിരുന്നു നിങ്ങൾ കൊതിച്ചിരുന്നത്. അല്ലാഹുവാകട്ടെ തന്റെ കൽപനകൾ മുഖേന സത്യം പുലർത്തിക്കാണിക്കുവാനും സത്യനിഷേധികളുടെ മുരട് മുറിച്ചുകളയുവാനുമാണ് ഉദ്ദേശിച്ചിരുന്നത്” (ക്വുർആൻ 8:6,7).

അബൂജഹ്‌ലും സംഘവും പുറപ്പെട്ടിരിക്കുന്നു എന്ന വിവരം ലഭിച്ചപ്പോൾ വിശ്വാസികൾ പലരും ഭീതിയിലായി. അവരുമായി ഏറ്റുമുട്ടൽ അവർക്ക് പ്രയാസകരമായിത്തോന്നി. അത് തങ്ങളുടെ മരണത്തിലേക്കുള്ള നീക്കമാണെന്ന് അവർ ധരിച്ചു. കച്ചവടസംഘത്തെയോ ക്വുറയ്ശിപ്പടയെയോ മുസ്‌ലിംകൾക്ക് കീഴ്പെടുത്തപ്പെടുമെന്ന അല്ലാഹുവിന്റെ വാഗ്ദാനം ഉണ്ടായിരുന്നു. ദുഷ്കരമല്ലാത്ത കച്ചവട സംഘത്തെയാണ് അവർ ആഗ്രഹിച്ചിരുന്നത്. കാരണം അവരും യുദ്ധസന്നാഹത്തോടെയല്ലല്ലോ വരുന്നത്. എന്നാൽ അല്ലാഹു സത്യം പലർന്നുകാണുവാനും അവിശ്വാസികളുടെ മുരട് മുറിച്ചുകളയാനുമായിരുന്നു തീരുമാനിച്ചിരുന്നത്. സത്യത്തിന്റെ വക്താക്കൾക്ക് സ്ഥൈര്യമായും സമാധാനമായും ധൈര്യത്തോടെയും നിൽക്കാൻ ഒരു യുദ്ധം അനിവാര്യമായ സാഹചര്യമായി മാറി



യപ്പോഴാണ് അല്ലാഹു അവരിൽ ഇത്തരം ചില തീരുമാനങ്ങൾ കൽപിക്കുന്നത്. വിശ്വാസികളിൽ അല്ലാഹുവിന്റെ ഒരു പരീക്ഷണം നടന്ന ഘട്ടമായിരുന്നു അത്. അടിപതറാതെ, ഈമാനോടെ രണഭൂമിയിൽ ആരെല്ലാം ഉറച്ചുനിൽക്കും എന്ന് അറിയാനുള്ള ഒരു പരീക്ഷണം.

കച്ചവടസംഘം രക്ഷപ്പെട്ട വിവരവും ക്വുറയ്ശിപ്പടയുടെ വരവും അറിഞ്ഞ സമയത്ത് സ്വഹാബിമാർ പ്രകടിപ്പിച്ച ചില അഭിപ്രായങ്ങൾ നാം കണ്ടുവല്ലോ. ഈ ഘട്ടത്തിൽ നബിﷺ അധികാര സ്വരത്തിൽ അവരെ നിർബന്ധിക്കാൻ കൂട്ടാക്കിയില്ല. മുഹാജിറുകളോടും അൻസ്വാറുകളോടും നബിﷺ കൂടിയാലോചന ചെയ്തു. ഇബ്നു കഥീർ ﷺ വിവരിക്കുന്നു:

"മിക്വ്ദാദ് ﷺ എഴുന്നേറ്റു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അല്ലാഹു അങ്ങേക്ക് കാണിച്ചുതന്നതനുസരിച്ച് മുന്നോട്ടു നീങ്ങുക. ഞങ്ങൾ (മുഹാജിറുകൾ) അങ്ങയുടെ കൂടെ ഉണ്ടായിരിക്കുന്നതാണ്. അല്ലാഹുവാണ സത്യം, ബനൂ ഇസ്റാഈല്യർ മൂസാനബിﷺയോട് പറഞ്ഞപോലെ അങ്ങയോട് ഞങ്ങൾ പറയുകയില്ല. (അവർ പറഞ്ഞു): 'നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്യുക. ഞങ്ങൾ ഇവിടെ ഇരിക്കുകയാണ്.' എന്നാൽ (ഞങ്ങൾ പറയുന്നു); താങ്കളും താങ്കളുടെ രക്ഷിതാവും പോയി യുദ്ധം ചെയ്യുക; തീർച്ചയായും ഞങ്ങൾ നിങ്ങളുടെ കൂടെ യുദ്ധം ചെയ്യുന്നവരായി ഉണ്ടാകുന്നതാണ്. അങ്ങയെ സത്യവുമായി അയച്ചവൻ തന്നെയാണ സത്യം, താങ്കൾ ബർകുൽ ഗിമാദിലേക്ക് ഞങ്ങളെയുമായി പോകുന്നുവെങ്കിൽ താങ്കൾ അവിടെ എത്തുന്നതുവരെ അങ്ങയുടെ കൂടെ ഞങ്ങൾ ഉറച്ചുണ്ടാകുന്നതാണ്.' അപ്പോൾ അദ്ദേഹത്തോട് അല്ലാഹുവിന്റെ റസൂൽﷺ നന്നായി എന്ന് പറയുകയും അദ്ദേഹത്തിന് വേണ്ടി പ്രാർഥിക്കുകയും ചെയ്തു. പിന്നീട് റസൂൽﷺ പറഞ്ഞു: 'ഓ ജനങ്ങളേ, നിങ്ങൾ എനിക്ക് നിർദേശം തരുവിൻ.' അൻസ്വാറുകളെയാണ് നബിﷺ ഉദ്ദേശിച്ചത്. (കാരണം) തീർച്ചയായും അവർക്കായിരുന്നു എണ്ണക്കൂടുതൽ. അവർ അക്വബയിൽവെച്ച് നബിﷺയോട് ഉടമ്പടി ചെയ്ത സന്ദർഭത്തിൽ പറഞ്ഞിരുന്നു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങളുടെ വീടുകളിലേക്ക് (മദീനയിലേക്ക്) അങ്ങ് എത്തുന്നതുവരെ അങ്ങയുടെ സംരക്ഷണത്തെ തൊട്ട് ഞങ്ങൾ ഒഴിഞ്ഞവരാണ്. എന്നാൽ അങ്ങ് ഞങ്ങളിലേക്ക് (മദീനയിൽ) എത്തിയാൽ അവിടുന്ന് ഞങ്ങളുടെ സംരക്ഷണത്തിലായിരിക്കുന്നതാണ്. ഞങ്ങളുടെ മക്കളെയും സ്ത്രീകളെയും (ശത്രുക്കളിൽനിന്ന്) തടയുന്നതിനെക്കാൾ നിങ്ങളെ (ശത്രുക്കളെ തൊട്ട്) ഞങ്ങൾ തടയുന്നതാണ്.' തന്റെ ശത്രു തന്നെ വല്ലതും ചെയ്യുന്നതിനെ തൊട്ട് അൻസ്വാറുകൾ മദീനയിൽ ആയിരിക്കുമ്പോഴല്ലാതെ സഹായിക്കുകയില്ല എന്നും അവരുടെ നാട്ടിൽനിന്നും ശത്രുവിലേക്ക് അവരെയുമായി പോയാൽ അവരുടെമേൽ (സഹായിക്കൽ ബാധ്യത) ഇല്ല എന്നുമുള്ള ഭയം അല്ലാഹുവിന്റെ റസൂലിﷺനുണ്ടായിരുന്നു. അല്ലാഹുവിന്റെ റസൂൽﷺ അത് പറഞ്ഞപ്പോൾ സഅ്ദുബ്നു മുആദ് ﷺ നബിﷺയോട് പറഞ്ഞു: 'അല്ലാഹുവാണ സത്യം, അല്ലാഹുവിന്റെ റസൂലേ, അങ്ങ് ഞങ്ങളെ (അൻസ്വാറുകളെ) ഉദ്ദേശിച്ചുതുപോലെയുണ്ടല്ലോ.' നബിﷺ പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു: 'തീർച്ചയായും ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുകയും അങ്ങയെ സത്യപ്പെടുത്തുകയും അങ്ങ് കൊണ്ടുവന്നത് സത്യമാണെന്ന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നവരാണ്. ആ അടിസ്ഥാനത്തിൽ ഞങ്ങൾ നിങ്ങളോട് കരാറെടുക്കുകയും നിങ്ങളെ കേൾക്കാമെന്നും അനുസരിക്കാമെന്നുമുള്ള ഞങ്ങളുടെ കരാർ നിങ്ങൾക്ക് ഞങ്ങൾ നൽകുകയും ചെയ്തില്ലേ? അതിനാൽ അല്ലാഹുവിന്റെ റസൂലേ, അല്ലാഹു അങ്ങയോട് എന്താണോ ഉദ്ദേശിച്ചത് അതുമായി മുന്നോട്ട് പോയിക്കൊള്ളുക. ഞങ്ങൾ നിങ്ങളോടൊപ്പം ഉണ്ടായിരിക്കുന്നതാണ്. അങ്ങയെ സത്യവുമായി അയച്ചവൻ തന്നെയാണ സത്യം, അങ്ങ് ഞങ്ങളെയും കൊണ്ട് ഒരു സമുദ്രത്തിലേക്ക് എടുത്തുചാടാൻ ആവശ്യപ്പെടുകയും അങ്ങനെ അങ്ങ് അതിൽ ഊളിയിടുകയും ചെയ്താൽ തീർച്ചയായും ഞങ്ങളും അതിൽ അങ്ങയുടെ കൂടെ ഊളിയിടുന്നതാണ്. ഞങ്ങളിൽ ഒരാളും പിന്നോട്ട് പോകുന്നതല്ല. നാളെ നമ്മുടെ ശത്രുവിനെ ഞങ്ങളെയുമായി അങ്ങ് കണ്ടുമുട്ടുന്നതിനെ ഞങ്ങൾ വെറുക്കുന്നവരുമല്ല. തീർച്ചയായും യുദ്ധഭൂമിയിൽ ഞങ്ങൾ ക്ഷമിക്കുന്നവരും (ശത്രുക്കളെ) കണ്ടുമുട്ടുന്ന സന്ദർഭത്തിൽ ഞങ്ങൾ സത്യസന്ധരുമായിരിക്കുന്നതാണ്. അല്ലാഹു അങ്ങയുടെ കണ്ണിന് ഞങ്ങൾ മുഖേന കുളിർമ നൽകിയേക്കാം. അതിനാൽ അല്ലാഹുവിന്റെ അനുഗ്രഹത്തിലായി അങ്ങ് നീങ്ങുക.' മുഹാജിറുകളുടെയും അൻസ്വാറുകളുടെയും മറുപടി തിരുദൂതരെ അങ്ങേയറ്റം സന്തോഷിപ്പിച്ചു.

(തുടരും)

തൻസീഹ നസ്റിൻ കെ.വി
mail@nerpatham.com





# പാലം പണിയുന്നവർ

ഒരിടത്ത് രണ്ടു സഹോദരങ്ങൾ തൊട്ടടുത്ത വീടുകളിലായി താമസിച്ചിരുന്നു. കൃഷിക്കാരായ അവർ ഇരുവരും ഒരുമയോടെയാണ് കഴിഞ്ഞിരുന്നത്. ഒരേപണിയായുധങ്ങൾ ഉപയോഗിച്ച്, പരസ്പരം കൃഷിക്കാര്യങ്ങളിൽ സഹായിച്ച്, അവർ ജീവിച്ചുപോന്നു.

ഇതിനിടെ എന്തോ കാര്യത്തിന് അവർ തമ്മിൽ പിണങ്ങാൻ ഇടയായി. രണ്ടുപേരുടെയും ഇടയിൽ തെറ്റിദ്ധാരണ വളർന്നുവന്നു. എന്തിനേറെ, അവർ തമ്മിൽ കണ്ടാൽ പരസ്പരം സംസാരിക്കാൻ പോലും കൂട്ടാക്കാതെയായി. അവരുടെ കൃഷിയിടങ്ങൾ വേർതിരിക്കുന്ന ഭാഗത്തുകൂടി അവർ വലിയ ഒരു ചാല് കീറി തൊട്ടടുത്ത പുഴയിലെ വെള്ളം അതിലൂടെ ഒഴുക്കി. സഹോദരൻ തന്റെ കൃഷിയിടത്തിലേക്ക് വരാതിരിക്കാൻ ചാല് നല്ലതാണെന്ന് ഇരുവരും കരുതുകയും ചെയ്തു.

അങ്ങനെയിരിക്കെ ഒരു ദിവസം മൂത്തസഹോദരന്റെ വീട്ടിൽ ഒരു മരപ്പണിക്കാരൻ വന്ന് എന്തെങ്കിലും മരപ്പണി തരുമോ എന്ന് അന്വേഷിച്ചു. പെട്ടെന്ന് മൂത്ത സഹോദരന് ഒരു ബുദ്ധി തോന്നി. അയാൾ മരപ്പണിക്കാരനെ വിളിച്ചുകൊണ്ടുപോയി കുറെ പഴയ തടിക്കഷണങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് കാണിച്ചുകൊടുത്തു. അതുപയോഗിച്ച് തന്റെ പറമ്പിന് ചുറ്റും ഒരു വേലി കെട്ടിത്തരുവാൻ പറഞ്ഞു. ഇളയ സഹോദരന്റെ പുരയിടം കാഴ്ചയിൽനിന്ന് മറയത്തക്ക രീതിയിൽ ഉയരത്തിലായിരിക്കണം വേലി കെട്ടേണ്ടത് എന്ന് പ്രത്യേകം ഓർമിപ്പിക്കുകയും ചെയ്തു. അതിനായി കുറച്ച് ആണികളും മറ്റു ചില സാധനങ്ങളും വാങ്ങണമെന്ന് മരപ്പണിക്കാരൻ ആവശ്യപ്പെട്ടു. അയാൾ ഉടനെത്തന്നെ മരപ്പണിക്കാരനെയും കൂട്ടി നഗരത്തിലേക്ക് പോയി വേണ്ടതെല്ലാം വാങ്ങിക്കൊടുത്തു. വേഗം തന്നെ പണി പൂർത്തിയാക്കണമെന്ന് പറഞ്ഞ് മരപ്പണിക്കാരനെ വീട്ടിലേക്ക് പറഞ്ഞുവിട്ടു. മൂത്ത സഹോദരന് മറ്റൊരിടത്തേക്ക് പോകേണ്ടതുണ്ടായിരുന്നു.

വൈകുന്നേരം വീട്ടിൽ എത്തിയപ്പോൾ അയാൾ ആദ്യമൊന്ന് അമ്പരന്നു. പുരയിടത്തിന് ചുറ്റും വേലിയൊന്നും കാണാനില്ല! എന്നാൽ മരപ്പണിക്കാരൻ വീടിനുമുമ്പിലുള്ള പാടത്ത് പുതുതായി ഉണ്ടാക്കിയ ചാലിനോട് ചേർന്ന് എന്തോ പണി ചെയ്യുന്നുമുണ്ടായിരുന്നു. അവിടെയെത്തിയപ്പോൾ കണ്ട കാഴ്ച തികച്ചും അപ്രതീക്ഷിതമായിരുന്നു. തടിക്കഷണങ്ങൾ ഉപയോഗിച്ച് മരപ്പണിക്കാരൻ ചാലിന് കുറുകെ ഒരു പാലം പണിതിരിക്കുന്നു. കൈവരികൾ ചേർത്ത് മനോഹരമായി നിർമിച്ച പാലം.

ആ സമയത്ത് പാലം പണിതതു കണ്ട് ഇളയ സഹോദരൻ അതിലൂടെ കയറിവന്നു. തന്റെ കൃഷിയിടത്തിലേക്ക് എളുപ്പം കടക്കാൻ ജ്യേഷ്ഠൻ പാലം പണിയിച്ചതാണെന്നാണ് അനുജൻ കരുതിയത്. ആ സന്തോഷത്തോടെ ഇരുകൈകളും നീട്ടിപ്പിടിച്ചു വരുന്ന അനുജനെ കണ്ടപ്പോൾ ജ്യേഷ്ഠസഹോദരനും പാലത്തിലൂടെ നടന്നുകയറി. പാലത്തിന്റെ നടുക്കുവെച്ച് അവരിരുവരും കെട്ടിപ്പിടിച്ചു; കണ്ണീർ പൊഴിച്ചു. ആവശ്യമില്ലാതെ പിണങ്ങിയതിൽ ഇരുവർക്കും ഖേദം തോന്നി.

പ്രിയ കുട്ടികളേ, ബന്ധങ്ങൾ പവിത്രമാണ്. അത് നിലനിർത്താൻ ശ്രമിക്കണം. ബന്ധങ്ങൾ മുറിക്കൽ എളുപ്പമാണ്. എന്നാൽ പിന്നീടത് കൂട്ടിച്ചേർക്കൽ എളുപ്പമല്ല.

നിറങ്ങൾ കൊണ്ട് വിസ്മയം തീർക്കാൻ



# സർഗ വസന്തം

ജൂലൈ - ഒക്ടോബർ 2021

ശാഖ, മണ്ഡലം, ജില്ലാ കേന്ദ്രങ്ങളിൽ

WISDOM students

wisdom students

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 AUGUST 28

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

# അറിവ് തേടി അലയേണ്ടതില്ല... അറിയേണ്ടതെല്ലാം വിരൽ തുമ്പിലുണ്ട്... പീസ് റേഡിയോ.....




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App